19
2026
ജൂൺ
വെള്ളി
മിഥുനം ൦5

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 123 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-123 പേജ് 4. വില 2.00 രൂപ




02 ഗവിയിൽ അങ്കണവാടി ഹെൽപ്പറുടെ കൊലപാതകം; പ്രതി കുറ്റം സമ്മതിച്ചു
03 നീറ്റ് പരീക്ഷ എഴുതാൻ ഭയം; തമിഴ്നാട്ടിൽ വിദ്യാർഥിനി ജീവനൊടുക്കി
04 ലഹരിക്ക് അടിമയായ യുവാവിൻെറ ആക്രമണത്തിൽ മൂന്ന് പേർക്ക് പരിക്ക്

# മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് അനുവദിക്കില്ല: ടിവികെ

ചെന്നൈ: മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് അനുവദിക്കില്ലെന്നും കേരള സർക്കാരിന്റെ ശ്രമങ്ങൾ തടയുമെന്നും വ്യക്തമാക്കി ടിവികെ സർക്കാരിന്റെ ആദ്യ നയപ്രഖ്യാപനം.



തെക്കൻ ജില്ലകളിലെ ജനങ്ങളുടെ ജീവനാഡിയാണ് മുല്ലപ്പെരിയാർ അണക്കെട്ട്. 2014ൽ സുപ്രീം കോടതി മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയായി ഉയർത്താമെന്ന് ഉത്തരവിടുകയും, അണക്കെട്ട് ബലപ്പെടുത്തിയ ശേഷം ജലനിരപ്പ് വീണ്ടും 152 അടിയായി ഉയർത്താമെന്ന് നിർദേശിക്കുകയും ചെയ്തു. എന്നാൽ, അണക്കെട്ട് ബലപ്പെടുത്തുന്നതിനുള്ള ജോലികൾ ചെയ്യാനുള്ള അനുമതി നിഷേധിക്കുന്നത് തുടരുന്നതോടൊപ്പം, പുതിയ അണക്കെട്ട് നിർമിക്കണമെന്ന ആവശ്യത്തിൽ കേരള സർക്കാർ ഉറച്ചുനിൽക്കുകയാണ്. പുതിയ അണക്കെട്ട് നിർമിക്കാനുള്ള കേരള സർക്കാരിന്റെ ശ്രമത്തെ തടയാൻ ഈ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കും. കൂടാതെ, മുല്ലപ്പെരിയാർ അണക്കെട്ട് പ്രദേശത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതിനുമായി നടപടികൾ കൈക്കൊള്ളുമെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നു. തമിഴ് തായ് വാഴ്ത്ത് ആലപിച്ചാണ് നിയമസഭാ നടപടികൾ ആരംഭിച്ചത്. പിന്നാലെ ദേശീയഗാനം ആലപിച്ചു. വന്ദേമാതരം ആലപിച്ചില്ല. പുതിയ അംഗങ്ങളെ അഭിനന്ദിച്ചാണ് ഗവർണർ പ്രസംഗം ആരംഭിച്ചത്. ജാതിക്കും മതത്തിനും പണത്തിനും അതീതമായ പാർട്ടിയാണ് ടിവികെ. പെരിയാർ, അണ്ണാദുരൈ, അംബേദ്കർ എന്നിവരുടെ പേരുകൾ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ പരാമർശിച്ചു.

മുൻ സർക്കാർ ലഹരിയൊഴുക്ക് തടഞ്ഞില്ലെന്ന് നയപ്രഖ്യാപനത്തിൽ ഡിഎംകെയ്ക്കെതിരെ കുറ്റപ്പെടുത്തലുണ്ട്. കുറ്റകൃത്യങ്ങൾ പെരുകാൻ കാരണം ലഹരിയൊഴുക്കാണ്. ദ്വിഭാഷനയം തുടരുമെന്ന് നയപ്രഖ്യാപനത്തിൽ ഗവർണർ വ്യക്തമാക്കി. ദേശീയ വിദ്യാഭ്യാസ നയത്തെ ശക്തമായി എതിർക്കുമെന്ന് പറഞ്ഞ ഗവർണർ കേന്ദ്രത്തിനെതിരായ വിമർശനം വായിക്കുകയും ചെയ്തു. സംസ്ഥാനത്തെ ബാധിക്കുന്ന വിഷയങ്ങളിൽ ദ്രാവിഡ പാർട്ടികളുടെ നിലപാടാണ് തങ്ങൾക്കെന്നും ടിവികെ വ്യക്തമാക്കുന്നു.

# ഒപ്പിട്ടതുകൊണ്ട് മാത്രം പിഎം ശ്രീ നടപ്പിലാകില്ലെന്ന് പിണറായി വിജയൻ

തിരുവനന്തപുരം: കോൺഗ്രസിൻറെ ദേശീയ നിലപാട് പിഎം ശ്രീയെ അംഗീകരിക്കുന്നതാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ.

സംസ്ഥാനങ്ങളിലെ കോൺഗ്രസ് സർക്കാരുകൾ പിഎം ശ്രീയുടെ ഭാഗമാണെന്നും ഒരു കോൺഗ്രസ് സർക്കാരും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

പ്രസക്തമായ പ്രശ്നം കോൺഗ്രസ് നിലപാട് എന്താണെന്നുള്ളതാണെന്നും പിണറായി വിജയൻ പറഞ്ഞു. ഒപ്പിട്ടതുകൊണ്ട് മാത്രം പിഎം ശ്രീ നടപ്പിലാകില്ല. പുതിയ സർക്കാർ പദ്ധതിയിൽ നയപരമായ തീരുമാനമെടുക്കണം. യുഡിഎഫ് സർക്കാർ നയംമാറ്റത്തിന് പ്രേരിപ്പിച്ച ഘടകം എന്താണെന്നും പിണറായി വിജയൻ ചോദിച്ചു.

കേന്ദ്രം എന്തെങ്കിലും പ്രത്യേക അറിയിപ്പ് സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ എന്നും പിണറായി ചോദിച്ചു. പിഎം ശ്രീ നടപ്പിലാക്കുന്നതിൻറെ ഉദ്ദേശശുദ്ധി യുഡിഎഫ് വിശദീകരിക്കമെന്നും ആവശ്യപ്പെട്ടു. സംസ്ഥാനം മുൻകൈ എടുത്താൽ മാത്രമേ പദ്ധതി നടപ്പിലാവൂ എന്നും പിണറായി വിജയൻ ചൂണ്ടിക്കാണിച്ചു.

# വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ വൻ തട്ടിപ്പ്; പോലീസ് കേസെടുത്തു

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിൻറെ പേര് പറഞ്ഞ് വൻ തട്ടിപ്പ് നടത്തിയ സംഭവത്തിൽ പോലീസ് കേസെടുത്തു. 300 കോടി രൂപയുടെ ടെൻഡർ ലഭിച്ച വ്യാജ രേഖ ചമച്ചായിരുന്നു തട്ടിപ്പ്.

വിഴിഞ്ഞം ഇൻറർനാഷണൽ സീ പോർട്ട് ലിമിറ്റഡിൻറെ പരാതിയിൽ മലപ്പുറം സ്വദേശി സൽമാൻ ഫാരിസിനെതിരെയാണ് പോലീസ് കേസെടുത്തത്. വ്യാജരേഖ ചമയ്ക്കൽ, വഞ്ചന തുടങ്ങിയ കുറ്റങ്ങൾ ചുമത്തി ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകൾ പ്രകാരമാണ് സൽമാനുൽ ഫാരിസിനെതിരെ കേസെടുത്തിരിക്കുന്നത്. നിലവിൽ ഒളിവിലുള്ള പ്രതിയെ കണ്ടെത്തുന്നതിനായി അന്വേഷണ സംഘം നീക്കം ഊർജ്ജിതമാക്കിയിരിക്കുകയാണ്.

വിഐഎസ്എല്ലിൻറെ 300 കോടി രൂപയുടെ ടെൻഡർ തനിക്ക് ലഭിച്ചുവെന്ന് വിശ്വസിപ്പിക്കാനായി പ്രതി വ്യാജ രേഖകൾ തയാറാക്കുകയായിരുന്നു. വിഐഎസ്എല്ലിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒപ്പുകൾ വരെ ഇയാൾ വ്യാജമായി പതിപ്പിച്ചു.

ഈ വ്യാജരേഖകൾ കാണിച്ച് പലരിൽ നിന്നും നിക്ഷേപം സ്വീകരിക്കാനും തട്ടിപ്പ് നടത്താനും പ്രതി ശ്രമിച്ചതോടെയാണ് തുറമുഖ അധികൃതർ പോലീസിനെ സമീപിച്ചത്. വഞ്ചിക്കപ്പെട്ടവരിൽ നിന്നും പോലീസ് മൊഴിയെടുത്തിട്ടുണ്ട്.

# അവയവക്കച്ചവട റാക്കറ്റ്: നാലു ജില്ലകളിലെ ആശുപത്രികളിൽ ഇഡി റെയ്ഡ്

തിരുവനന്തപുരം/കൊച്ചി: അവയവ കച്ചവടത്തിൽ കോടികണക്കിനു രൂപയുടെ ഇടപാടുകൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പ്രമുഖ സ്വകാര്യആശുപത്രികളിലും ഇടനിലക്കാരുടെ വീടുകളിലും ഇഡി പരിശോധന. തിരുവനന്തപുരം, കോട്ടയം, കൊച്ചി എന്നിവിടങ്ങളിലെ പ്രമുഖ സ്വകാര്യാശുപത്രികളിലും കൊല്ലത്തെ ഇടനിലക്കാരിയുടെ വീട്ടിലുമാണ് ഇഡി റെയ്ഡ് നടക്കുന്നത്. കേന്ദ്രസേനയുടെ സാന്നിധ്യത്തിലാണു പരിശോധന. ബാങ്ക് ഉദ്യോഗസ്ഥരും ഇഡി ഉദ്യോഗസ്ഥരോടൊപ്പം പരിശോധനയിൽ പങ്കാളികളായിട്ടുണ്ട്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി അവരുടെ അവയവങ്ങൾ പണം നൽകി വാങ്ങിയ ശേഷം വളരെ കുറച്ച് പണം മാത്രമാണ് ഇടനിലക്കാർ നൽകി വന്നിരുന്നത്. ചില വൻകിട ആശുപത്രികളും ഇടനിലക്കാരും അവയവം സ്വീകരിച്ചവരിൽ നിന്നു ലക്ഷക്കണക്കിനു രൂപ തട്ടിയെടുത്തിരുന്നുവെന്ന ആരോപണത്തിൻറെ പേരിലാണ് ഇഡി പരിശോധന.

ചില സ്വകാര്യ ആശുപത്രികൾ ഇടനിലക്കാർക്കു ലക്ഷക്കണക്കിനു രൂപ കമ്മീഷനായി നൽകിയിരുന്നതായി പറയുന്നു. ഈ തുക ഉപയോഗിച്ച് പല ഏജൻറുമാരും വസ്തു വകകൾ വാങ്ങിയതായി ഇഡി. കണ്ടെത്തി. ഇതേത്തുടർന്നാണ് ആശുപത്രികളിലെ അക്കൗണ്ടുകൾ പരിശോധിക്കാൻ ഇഡി നടപടി തുടങ്ങിയത്. നജീബ്, വട്ടപ്പാറ സ്വദേശി സുധീർ, കൊല്ലം സ്വദേശിനി ശ്രീജ എന്നിവർക്കെതിരെ നേരത്തെ അവയവ കച്ചവടത്തിൽ പോലീസ് കേസെടുത്തിരുന്നു.അവയവ ദാനത്തിനായി വ്യാജരേഖ ചമച്ചെന്ന കേസിലാണ് കൊച്ചിയിലെ പ്രമുഖ സ്വകാര്യ ആശുപത്രികളിൽ ഇഡി റെയ്ഡ് നടക്കുന്നത്.

കേസിലെ പ്രധാന പ്രതിയായ നജീബിൻറെ അക്കൗണ്ടിലേക്ക് ആശുപത്രിയിൽ നിന്നു പണമിടപാടുകൾ നടന്നതു കണ്ടെത്തിയതിൻറെ അടിസ്ഥാനത്തിലാണ് പരിശോധന. ഇന്നു രാവിലെ ആറോടെയാണ് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിൻറെ കൊച്ചി ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥർ റെയ്ഡ് ആരംഭിച്ചത്.

എന്നാൽ, പഴയ ഫയലുകൾ പരിശോധിക്കുക മാത്രമാണ് ഇഡി ചെയ്യുന്നതെന്നാണ് സ്വകാര്യ ആശുപത്രിയിലെ വക്താവ് അറിയിക്കുന്നത്. അതേസമയം, അവയവദാന തട്ടിപ്പിന് പിന്നിൽ വൻ മാഫിയയെന്നു നേരത്തെ കണ്ടെത്തിയിരുന്നു. ഉത്തർപ്രദേശിലെ ഗാസിയാബാദിൽനിന്നാണ് പോലീസ് നജീബിനെ അറസ്റ്റ് ചെയ്തത്. നജീബിനെ പിടിയിലായതോടെയാണ് സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയകൾ നടന്നിരുന്നുവെന്നും ആശുപത്രികളുടെ സഹായം ലഭിച്ചിരുന്നുവെന്നും പോലീസ് കണ്ടെത്തുന്നത്. ഇതിൻറെ തുടർച്ചയായാണ് ഇഡിയുടെ റെയ്ഡ് നടക്കുന്നത്. കഴിഞ്ഞ മൂന്നു വർഷമായി നജീബിൻറെ നേതൃത്വത്തിലുള്ള സംഘം വ്യാജരേഖകളുണ്ടാക്കി അവയവക്കച്ചവടം നടത്തി വരികയാണെന്നു കണ്ടെത്തിയിട്ടുണ്ട്.

ദാതാക്കൾക്കു കുറഞ്ഞ തുക നൽകി വൻ തുകയ്ക്കാണ് അവയവങ്ങൾ വിൽക്കുന്നത്. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്നായി അവയവ കടത്ത് കേസിൽ നിരവധി പേരെയാണ് പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളത്.

# ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസ്; മൂന്ന് പ്രതികളുടെ ജാമ്യാപേക്ഷ തള്ളി

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ വീട്ടിൽ റെയ്ഡ് കഴിഞ്ഞു മടങ്ങിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ മൂന്ന് പ്രതികളുടെ ജാമ്യ അപേക്ഷ തള്ളി. ആറാം പ്രതി കിരൺ, എട്ടാം പ്രതി ഷഫീഖ്, പതിനേഴാം പ്രതി വൈശാഖ് എന്നിവരുടെ ജാമ്യ അപേക്ഷയാണ് തള്ളിയത്. തിരുവനന്തപുരം ജുഡീഷൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി. നേരത്തെ ഇഡി ഉദ്യോഗസ്ഥരെയും വാഹനങ്ങളും ആക്രമിച്ച കേസിൽ ഏഴ് പ്രതികളെ കസ്റ്റഡിയിൽ വിട്ടിരുന്നു.

കേസിലെ പ്രധാന പ്രതിയും സിപിഎം നേതാവുമായ ഐ. പി. ബിനു ഉൾപ്പെടെ ഏഴ് പേരെയാണ് പോലീസ് കസ്റ്റഡിയിൽ വിട്ടത്. വഞ്ചിയൂർ അമ്പലത്തുമുക്ക് സ്വദേശി രേവന്ത്, വർക്കല ഇളകമൺ സ്വദേശി ലെനിൻ രാജ്, നെയ്യാറ്റിൻകര തെക്കുമ്പുറം കാവിന് സമീപം ജി ആർ നന്ദു, നെയ്യാറ്റിൻകര മഞ്ചവിളാകം സ്വദേശി രാഹുൽ രാജൻ, നെടുമങ്ങാട് തറട്ട സ്വദേശി രാഹുൽ, പാപ്പനംകോട് കൈമനം സ്വദേശി വൈശാഖ് എന്നിവരെയാണ് പോലീസ് കസ്റ്റഡിയിൽ വിട്ടത്.

# ശബരിമല സ്വർണക്കൊള്ള കേസ്; ഇനി സമയം തരില്ല, കുറ്റപത്രം ഉടൻ വണമെന്ന് ഹൈക്കോടതി

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ കുറ്റപത്രം സമർപ്പിക്കുന്നത് ഇനിയും നീട്ടിക്കൊണ്ടുപോകാനാകില്ലെന്ന് ഹൈക്കോടതി. അന്തിമ റിപ്പോർട്ട് എന്ന് നൽകുമെന്ന് ഈ മാസം 29നകം അറിയിക്കാൻ പ്രത്യേക അന്വേഷണ സംഘത്തിന് കോടതി നിർദ്ദേശം നൽകി. അന്വേഷണം പൂർത്തിയാക്കാൻ ആവശ്യത്തിലധികം സാവകാശം ഇതിനകം തന്നെ നൽകിയിട്ടുണ്ടെന്ന് ഹൈക്കോടതി വ്യക്തമാക്കി.

നിലവിലെ സാഹചര്യത്തിൽ പ്രത്യേക സംഘത്തിന് ഇനി കൂടുതൽ സമയം അനുവദിക്കാനാകില്ലെന്ന് കോടതി വ്യക്തമാക്കി. 2025 ൽ പി. എസ്. പ്രശാന്ത് പ്രസിഡൻറായ കാലത്ത് ദ്വാരപാലക പാളികൾ സ്വർണം പൂശാൻ ചെന്നൈയിലേക്ക് കൊണ്ടുപോയ കാര്യങ്ങളും അന്വേഷിക്കണമെന്ന് ഹൈക്കോടതി നേരത്തെ നിർദേശിച്ചിരുന്നു.


അതേസമയം അന്വേഷണ പുരോഗഗതി റിപ്പോർട്ട് എസ്ഐടി കോടതിക്ക് കൈമാറി. പാളികൾ അഴിച്ചെടുത്ത് കൊണ്ടുപോയതിൽ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥരടക്കം ആർക്കൊക്കെ വീഴ്ചപറ്റിയെന്ന് അ്ന്വേഷണ സംഘം കോടതിയെ അറിയിച്ചിട്ടുണ്ട്. അന്തിമ കുറ്റപത്രം അടുത്ത മാസം പകുതിയോടെ സമർപ്പിക്കുമെന്നും സൂചനയുണ്ട്.

# വീണയുടെ മൊഴികളിൽ പൊരുത്തക്കേട്; വീണ്ടും ചോദ്യം ചെയ്യാൻ ഇഡി

കൊച്ചി: സിഎംആർഎൽ-എക്സാലോജിക് ഇടപാടിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ മകൾ വീണയെ ഇഡി വീണ്ടും ചോദ്യം ചെയ്യും. ഇതിനായി ഉടൻ തന്നെ വീണയ്ക്ക് സമൻസ് നൽകുമെന്നാണ് സൂചന.

കൊച്ചിയിലെ ഇഡി ഓഫീസിൽ കഴിഞ്ഞ ദിവസം നടന്ന ചോദ്യം ചെയ്യലിന് പിന്നാലെയാണ് വീണ്ടും ഹാജരാകാൻ ആവശ്യപ്പെടുന്നത്.

ആദ്യഘട്ട ചോദ്യം ചെയ്യലിൽ ലഭിച്ച മറുപടികളിൽ പലതും തൃപ്തികരമല്ലെന്നാണ് ഇഡിയുടെ വിലയിരുത്തൽ. സിഎംആർഎല്ലിന് ഏതെങ്കിലും തരത്തിലുള്ള സേവനങ്ങൾ നൽകിയതായി തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കാൻ വീണയ്ക്ക് കഴിഞ്ഞിട്ടില്ലെന്ന് ഇഡി ചൂണ്ടിക്കാട്ടുന്നു.



# വൻകിട കെട്ടിടങ്ങളുടെ നിർമാണം: വ്യാപക ക്രമക്കേടെന്ന് ഓഡിറ്റ് റിപ്പോർട്ട്

പോത്തൻകോട്: പോത്തൻകോട് പഞ്ചായത്തിൽ വൻകിട കെട്ടിടങ്ങളുടെ നിർമാണം സംബന്ധിച്ച ഫയൽ മുക്കിയും കാർഷിക പദ്ധതികളിൽ മതിയായ രേഖകൾ ഇല്ലാതെ ആനുകൂല്യം വിതരണം ചെയ്തും വ്യാപക ക്രമക്കേടെന്ന് ഓഡിറ്റ് റിപ്പോർട്ട്.

ടൗൺ വാർഡിലെ രണ്ട് സ്വകാര്യ സ്ഥാപനങ്ങളുടെ അനധികൃത നിർമാണം കണ്ടെത്തി ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടിൻറെ പരാതി ഫയലാണ് കാണാതായത്. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ച പരാതിയിൽ ഓഡിറ്റ് സൂപ്പർവൈസർ സ്ഥലത്ത് പരിശോധന നടത്തി അനധികൃത നിർമാണം കണ്ടെത്തിയിരുന്നു. തുടർന്ന് അനധികൃത നിർമാണങ്ങൾക്കെതിരേ നടപടി സ്വീകരിക്കാൻ സെക്രട്ടറിക്കു നിർദേശം നൽകുകയും ചെയ്തു. വ്യക്തമായ റിപ്പോർട്ട് ലഭിച്ചിട്ടും അധികൃതർ നടപടിയെടുത്തില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് വസ്തുനികുതി അനുവദിച്ചെന്നും കണ്ടെത്തിയിട്ടുണ്ട്. 660 ചതുരശ്ര അടിയിൽ താഴെ വിസ്തീർണമുള്ള വീടുകൾക്കു വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വീടിന് മാത്രമാണ് ഇളവ് നൽകാൻ സാധിക്കുക. എന്നാൽ ഒന്നാം വാർഡിൽ നാലുപേരുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

നിർമാണ പ്രവൃത്തികളിൽ കാലതാമസം വരുത്തിയതിനു കരാറുകാരിൽനിന്നും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ലെന്നാണ് മറ്റൊരു കണ്ടെത്തൽ. കരാർ കാലാവധി നീട്ടിക്കൊണ്ടുപോകാൻ കരാറുകാർ അപേക്ഷ നൽകാതെയാണ് ഇളവ് നൽകിയതെന്നും റിപ്പോർട്ടിൽ പറയുന്നു. വാഴകൃഷിയ്ക്കും കിഴങ്ങുവർഗ കൃഷിക്കും ധനസഹായം നൽകുന്ന പദ്ധതിയിലും അപാകത ഉണ്ടെന്നു ഓഡിറ്റിൽ കണ്ടെത്തി. പദ്ധതി പ്രകാരം കൃഷി സ്ഥലത്തിന് ആനുപാതിക നിരക്കിലാണ് ആനുകൂല്യം നൽകേണ്ടത്.

എന്നാൽ നാലുകർഷകർക്ക് അനധികൃതമായി ആനുകൂല്യ വിതരണം നടത്തിയിട്ടുണ്ട്. തരിശുഭൂമിയിലെ ആദ്യകൃഷിക്ക് ധനസഹായം നൽകുന്നതിലും വീഴ്ചയുണ്ടായി. ആദ്യമായി കൃഷി ചെയ്യുന്നതാണെന്നു കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് പഞ്ചായത്തിൽനിന്നു ധനസഹായം അനുവദിച്ചിരിക്കുന്നത്.

# നെട്ടുകാൽത്തേരിയിലെ തുറന്നജയിൽ സഞ്ചാരികൾക്ക് വേണ്ടിയും തുറക്കുന്നു

നെയ്യാർഡാം: തുറന്നജയിൽ ഇനി സഞ്ചാരികൾക്കും തുറന്നതാകുന്നു. നെട്ടുകാൽത്തേരി തുറന്നജയിലിൽ ബൊട്ടാണിക്കൽ ഗാർഡൻ വരുന്നു. പിന്നാലെ കഫ്റ്റീരിയായും. . . കേരളത്തിലെ ആദ്യ തുറന്ന ജയിലായ നെയ്യാർഡാം നെട്ടുകാൽത്തേരി തുറന്നജയിലിലാണ് വിസ്മയക്കാഴ്ച ഒരുങ്ങുന്നത്.

ജയിലുകളിൽ നിന്നു പുറത്തിറക്കുന്ന എല്ലാ ഉൽപ്പന്നങ്ങളുടെയും സിഗ്നേച്ചർ ബ്രാൻഡായ 'ഫ്രീഡം' എന്നു നാമകരണം ചെയ്യപ്പെട്ട സസ്യോദ്യാനമാണ് മൂന്നേക്കർ സ്ഥലത്ത് ഒരുങ്ങുന്നത്. ലാൻഡ്സ്കേപ്പിംഗും നടീലും ഉൾപ്പെടുന്ന മൂന്നു ഘട്ട പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരണത്തിലേക്ക് അടുക്കുന്നു. 100 ഓളം തടവുകാർ ജോലി നിർവഹിച്ചു. രണ്ടാം ഘട്ടത്തിൽ കൃത്രിമ അരുവി, കുളങ്ങൾ, ആംഫി തിയേറ്റർ എന്നിവയുടെ നിർമാണം നടത്തും. മൂന്നാം ഘട്ടത്തിൽ സസ്യ നഴ്സറിയും അനുബന്ധ സൗകര്യങ്ങളും പ്രവർത്തനക്ഷമമാകും.

പശ്ചിമഘട്ടത്തിൻറെ താഴ്‌വരയിൽ 274 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഈ ജയിൽ, അഗസ്ത്യമല ജൈവമണ്ഡലത്തിൻറെ ഭാഗമായ നെയ്യാർ വന്യജീവി സങ്കേതത്തോടു ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. പ്രശസ്തമായ 'ആരോഗ്യപച്ച' പോലുള്ള, ഈ പ്രദേശത്തിനു മാത്രം സ്വന്തമായ നിരവധി ഔഷധസസ്യങ്ങളും ഈ ഉദ്യാനത്തിൽ സംരക്ഷിക്കപ്പെടുമെന്നു നെട്ടുകാൽത്തേരി ജയിലിലെ കൃഷി ഓഫീസർ ഡബ്ല്യു. ആർ. അജിത് സിംഗ് പറഞ്ഞു.

ബൊട്ടാണിക്കൽ ഗാർഡൻ പ്രധാനമായും വിദ്യാർഥികൾക്കും ഗവേഷകർക്കും അക്കാദമിക് വിദഗ്ധർക്കും ഉപകാരപ്രദമാകും. വരുമാനം ഉണ്ടാക്കുന്നതിനായി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികളും നടപ്പിലാക്കും. പ്ലാൻറ് നഴ്സറിയും പദ്ധതി വാണിജ്യവത്കരിക്കുന്നതിൻറെ ഭാഗമാണ്. ജയിലിൻറെ മുൻ സൂപ്രണ്ടായിരുന്ന ജയിൽ ഡിഐജി (സെൻട്രൽ സോൺ) എസ്. സജീവാണ് പദ്ധതിക്കു പിന്നിലെന്നു ജയിൽ സൂപ്രണ്ട് കെ. മുഹമ്മദ് സിയാദ് വ്യക്തമാക്കി.

ആദ്യ ഘട്ടം ഏതാണ്ട് പൂർത്തിയായി; കെഫ്റ്റീരിയ, കാപ്പി, ഏലം തോട്ടങ്ങളും ഒരു സിൽവർ ഓക്ക് തോട്ടവും ഉദ്യാനത്തിൽ വരും. പൂർണമായി വികസിപ്പിച്ചുകഴിഞ്ഞാൽ, ഉദ്യാനത്തിനു ശക്തമായ ടൂറിസം സാധ്യതയുണ്ടാകുമെന്ന് ഉദ്യോഗസ്ഥർ വിശ്വസിക്കുന്നു. കോട്ടൂർ ആന സങ്കേതം, നെയ്യാർ അണക്കെട്ട്, അഗസ്ത്യാർകൂടം തുടങ്ങിയ നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് സമീപമാണ് നെട്ടുകാൽത്തേരി തുറന്ന ജയിൽ.

സഞ്ചാരികൾക്ക് ഉദ്യാനം കാണാനും വിശ്രമിക്കാനും ഭക്ഷണം കഴിക്കാനും ചെടികൾ വാങ്ങാനും കഴിയും. മാത്രമല്ല, ജയിൽ വളപ്പിലെ പച്ചറികൾ വാങ്ങാനും സൗകര്യമുണ്ടാകും. നിലവിൽ ഇവിടെ മത്സ്യക്കുളമുണ്ട്. പച്ചക്കറി കൃഷിയുമുണ്ട്. മാത്രമല്ല വൻ തോതിലാണ് ഇവിടെ തീറ്റപ്പുൽ കൃഷി ചെയ്യുന്നത്. ഇവിടുത്തെ പശുക്കൾക്കും എരുമകൾക്കും കൊടുക്കുന്നതിനു പുറമേ കോട്ടൂർ കാപ്പുകാട് ആന പാർക്കിലെ ആനകൾക്ക് പുല്ല് നൽകുന്നതും ഇവിടെ നിന്നാണ്.

# കെഎസ്ആർടിസി ബസ് ഇടിച്ചു കയറി മൂന്നുപേർക്കു പരിക്ക്

നേമം: പാപ്പനംകോട് ഡിപ്പോയിൽ നിന്നും ഇന്നലെ പുലർച്ചെ ആറിനു നഗരത്തിലേയ്ക്ക് പുറപ്പെട്ട ഇലക്ട്രിക്ക് ബസ് ലോട്ടറി കടയിലേയ്ക്ക് ഇടിച്ചുകയറി മൂന്നുപേർക്ക് പരിക്ക്.

കരമന-കളിയിക്കാവിള റോഡിൽ പാപ്പനംകോട് ജംഗ്ഷനിൽ ഇന്നലെ രാവിലെയാണ് അപകടം നടന്നത്. നടപ്പാതയുടെ ഇരുമ്പ് തൂണുകളും കൈവരികളും ഇടിച്ചു തകർത്താണ് ബസ് ലക്ഷ്മി ലക്കി സെൻഥറിലേക്ക് ഇടിച്ചുകയറിയത്. ലോട്ടറി കടയിലെ ജീവനക്കാരൻ നെയ്യാറ്റിൻകര സ്വദേശി സുദർശനൻ (64), ബസ് ഡ്രൈവർ ശാന്തിലാൽ (45), കണ്ടക്ടർ ജയശ്രീ (44) എന്നിവർക്കാണ് പരിക്കേറ്റത്.

ബസിനകത്തുണ്ടായ വീഴ്ചയിലാണ് കണ്ടക്ടർക്കു പരിക്കേറ്റത്.

അപകടസ്ഥലത്തിനു സമീപം പത്രം വിറ്റുകൊണ്ടിരുന്ന ഭിന്നശേഷിക്കാരനായ പാമാംകോട് സ്വദേശി ഉദയൻ കഷ്ടിച്ചാണ് അപകടത്തിൽനിന്നു രക്ഷപ്പെട്ടത്. അപകട സമയത്ത് അതുവഴി കടന്നുപോയ ബൈക്ക് യാത്രികനും കഷ്ടിച്ചാണു രക്ഷപ്പെട്ടത്.

റോഡരികിൽ പാർക്ക് ചെയ്തിരുന്ന ഒരു സ്കൂട്ടറും ബസിനടിയിൽപ്പെട്ട് തകർന്നു. ഇടിയുടെ ആഘാതത്തിൽ ഇരുനില കെട്ടിടത്തിൻറെ മുൻഭാഗവും ബസിൻറെ മുൻഭാഗവും പൂർണമായും തകർന്നു. ബസിൽ യാത്രക്കാർ ആരുമില്ലാതിരുന്നതു വലിയ അപകടം ഒഴിവാക്കി. കെഎസ്ആർടിസിയിലെ വർക്ഷോപ്പ് വാഹനം കൊണ്ടുവന്നു കെട്ടി വലിച്ചാണ് അപകടത്തിൽപ്പെട്ട വാഹനത്തെ സംഭവ സ്ഥലത്തുനിന്നു മാറ്റിയത്. പരിക്കേറ്റവരെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഡിപ്പോയിൽനിന്നും ബസ് അമിത വേഗത്തിലാണ് റോഡിലേയ്ക്ക് പ്രവേശിച്ചതെന്നു ദൃസാക്ഷികൾ പറഞ്ഞു. കരമന പോലീസ് കേസെടുത്തു.

# ഗവിയിൽ അങ്കണവാടി ഹെൽപ്പറുടെ കൊലപാതകം; പ്രതി കുറ്റം സമ്മതിച്ചു

പത്തനംതിട്ട: ഗവിയിൽ അങ്കണവാടി ഹെൽപ്പറെ കൊലപ്പെടുത്തിയ കേസിൽ പോലീസ് കസ്റ്റഡിയിലുള്ള പ്രതി കുറ്റം സമ്മതിച്ചു. ആദിവാസി വിഭാഗത്തിൽപ്പെട്ട വിനോദ് കുമാർ എന്നയാളാണ് കുറ്റം സമ്മതിച്ചത്. കൊലപാതകം നടന്ന സ്ഥലത്തുനിന്നും ഏകദേശം ഒരു കിലോമീറ്റർ അകലെ വെച്ചാണ് പ്രതിയെ പിടികൂടിയത്. സംഭവത്തിൽ മറ്റാർക്കും പങ്കില്ലെന്നാണ് ഇയാൾ നൽകിയ മൊഴി. സംശയത്തിൻറെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിലെടുത്ത ആളെ ചോദ്യം ചെയ്തതോടെയാണ് കൊലപാതകത്തിൻറെ ചുരുളഴിഞ്ഞത്. ഗവിയിൽ നിന്നും മീനാർ ഭാഗത്തേക്കുള്ള റോഡിന് സമീപം വനത്തിൽ താൽക്കാലിക ഷെഡ് കെട്ടി താമസിക്കുകയായിരുന്നു വിനോദ്.

ഈ വഴിയിലൂടെ സ്ഥിരമായി ജോലിക്ക് പോവുകയും വരികയും ചെയ്യുന്ന യുവതിയെ ഇയാൾ ദീർഘകാലമായി നിരീക്ഷിക്കാറുണ്ടായിരുന്നു. യുവതിയെ ഇയാൾ സ്ഥിരമായി ശല്യം ചെയ്യാറുണ്ടായിരുന്നെന്നും പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

# സ്കൂട്ടറോടിക്കാൻ പഠിപ്പിക്കാമെന്നു പറഞ്ഞ് പതിനഞ്ചുകാരിയെ നിരന്തരം പീഡിപ്പിച്ചു: ജ്വല്ലറി ഉടമ അറസ്റ്റിൽ

ലക്നോ: ഉത്തർപ്രദേശിലെ കാൺപൂരിൽ പതിനഞ്ചുകാരിയെ നിരന്തരം ലൈംഗികമായി പീഡിപ്പിച്ച ജ്വല്ലറി ഉടമ അറസ്റ്റിൽ. കാൺപൂർ സ്വദേശി അശോക് കുമാർ രസ്തോഗിയാണ് പിടിയിലായത്. കാൺപൂരിൽ ഒന്നിലേറെ സ്വർണക്കടകളുടെ ഉടമയാണ് അശോക്. ഇയാളുടെ ഷോറൂമിലെ ജോലിക്കെത്തിയതായിരുന്നു പെൺകുട്ടി.

സ്കൂട്ടറോടിക്കാൻ പഠിപ്പിക്കാമെന്നു പറഞ്ഞ് കുട്ടിയെ ഇയാൾ തൻറെ ഫാംഹൗസിലേക്ക് കൂട്ടിക്കൊണ്ടു പോവുകയായിരുന്നു. സ്കൂട്ടർ വാങ്ങിനൽകാമെന്നും ഇയാൾ കുട്ടിയോട് പറഞ്ഞു. തുടർന്ന് ഫാംഹൗസിലെത്തിയ ശേഷം ഇയാൾ കുട്ടിയെ തടഞ്ഞു നിർത്തുകയും ഭീഷണിപ്പെടുത്തി പീഡനത്തിന് ഇരയാക്കുകയുമായിരുന്നു. പീഡന വിവരം പുറത്തു പറഞ്ഞാൽ കുടുംബത്തെ മുഴുവൻ ജയിലിലാക്കുമെന്നും ഇയാൾ ഭീഷണിപ്പെടുത്തി.

പിന്നീട് പലതവണ പെൺകുട്ടിയെ പീഡനത്തിന് ഇരയാക്കിയെന്ന് പോലീസ് പറഞ്ഞു. ഭീഷണി സഹിക്കാതായതോടെ കുട്ടി വിവരം പിതാവിനെ അറിയിച്ചു. തുടർന്ന് കുടുംബം പോലീസിനെ സമീപിക്കുകയും അശോകിനെതിരെ കേസെടുക്കുകയും ചെയ്തു.

# യാത്രികർക്ക് അപകടക്കെണി ഒരുക്കി ട്രാൻസ്ഫോർമർ

നെയ്യാറ്റിൻകര: കാൽനടയാത്രക്കാർക്ക് അപകടക്കെണിയായി ട്രാൻസ്ഫോർമർ. നെയ്യാറ്റിൻകര കോൺവൻറ് റോഡിനു സമീപം മണലൂർ റോഡരികിലാണ് മതിയായ സംരക്ഷണമില്ലാതെ ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്നത്. അപായം എന്നു മലയാളത്തിലും ഹിന്ദിയിലും ഇംഗ്ലീഷിലുമൊക്കെ രേഖപ്പെടുത്തിയ ബോർഡ് ട്രാൻസ് ഫോർമറിൽ തൂക്കിയിട്ടിട്ടുണ്ട്. 100 കെവിഎ ട്രാൻസ് ഫോർമർ പരിസരത്തേയ്ക്ക് കയറാനുള്ള ചെറിയ ഗേറ്റ് പോലും കാടും പടർപ്പും മൂടി മറഞ്ഞ നിലയിലാണ്.നെയ്യാറ്റിൻകര ഇലക്ട്രിക്കൽ സെക്ഷൻറെ പരിധിയിലുള്ളതാണ് ഈ ട്രാൻസ്ഫോർമർ. കോൺവൻറ് റോഡിൽ നെയ്യാറ്റിൻകര സെൻറ് തെരേസാസ് സ്കൂൾ, സെൻറ് ട്രീസാ ഓഫ് ആവില, ശ്രീവിദ്യാധിരാജാ വിദ്യാമന്ദിർ എന്നീ വിദ്യാലയങ്ങൾക്ക് പുറമേ നിരവധി സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. വിദ്യാർഥികൾ അടക്കം നൂറുകണക്കിനു പേർ കാൽനടയായും വാഹനങ്ങളിലും ഇതുവഴി ദിവസവും കടന്നുപോകാറുണ്ട്. ബന്ധപ്പെട്ട അധികൃതർ ഇടപെട്ട് ഇക്കാര്യ ത്തിൽ സത്വര നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരു ടെ ശക്തമായ ആവശ്യം.

# പെൺകുട്ടികളെ പരിശീലിപ്പിക്കാൻ വനിതാ കോച്ച് മതി; നിർദേശവുമായി മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: പെൺകുട്ടികൾക്കും സ്ത്രീകൾക്കും ക്രിക്കറ്റ് പരിശീലനം നൽകാൻ വനിതാ കോച്ചിനെ നിയമിക്കണമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷന് നിർദേശം നൽകി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.

പെൺകുട്ടികൾക്കും സ്ത്രീകൾക്കും പരിശീലനം നൽകാൻ വനിതാ കോച്ച് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുതിർന്ന ഉദ്യോഗസ്ഥയുടെ സാന്നിധ്യം ഉറപ്പാക്കണമെന്നും നിർദേശമുണ്ട്. പരിശീലനത്തിനെത്തുന്ന സ്ത്രീകളും പെൺകുട്ടികളും വസ്ത്രം മാറുന്ന മുറികളിൽ പുരുഷന്മാർക്ക് പ്രവേശനം പൂർണമായും നിഷേധിക്കണമെന്നും ഉത്തരവിൽ പറയുന്നു. ആവശ്യമെങ്കിൽ ഇതുസംബന്ധിച്ച് മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കണം. പരിശീലനത്തിനെത്തുന്ന പെൺകുട്ടികളുടെ മാതാപിതാക്കളെ അവർ ആവശ്യപ്പെട്ടാൽ പരിശീലന സ്ഥലത്ത് തുടരാൻ അനുവദിക്കണമെന്നും നിർദേശമുണ്ട്. കൂടുതൽ സിസിടിവി കാമറകൾ സ്ഥാപിക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. കെസിഎയുടെ കീഴിൽ ക്രിക്കറ്റ് പരിശീലിച്ചിരുന്ന പെൺകുട്ടികളെ പരിശീലകൻ ലൈംഗികമായി ഉപദ്രവിച്ചെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്.

# ആലുവ പോലീസ് ക്ലബ്ബിന് സമീപം രണ്ടര മീറ്റർ ഉയരമുള്ള കഞ്ചാവ് ചെടി

കൊച്ചി: ആലുവ പോലീസ് ക്ലബ്ബിന് സമീപത്തെ വീട്ടിൽ നിന്നും കഞ്ചാവ് ചെടി കണ്ടെത്തി. രണ്ടര മീറ്റർ ഉയരമുള്ള ചെടിയാണ് കണ്ടെത്തിയത്. റൂറൽ എസ്പിയുടെ ക്യാമ്പ് ഓഫീസിനടുത്തുള്ള ആൾതാമസമില്ലാത്ത വീടിന് പുറകുവശത്തെ പറമ്പിൽ നിന്നാണ് കഞ്ചാവ് ചെടി കണ്ടെത്തിയത്. ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി നടത്തിയ പരിശോധനയിലാണ് ചെടി കണ്ടെത്തിയത്. പുത്തനങ്ങാടി ജോസഫ് എന്നയാളുടെ ഉടമസ്ഥതയിലുള്ള വീടാണിത്. എക്സൈസും പോലീസും സംയുക്തമായാണ് അന്വേഷണത്തിന് എത്തിയത്. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് ചെടി കണ്ടെത്തിയത്.

ഇത് ആരെങ്കിലും നട്ടതാണോ അല്ലെങ്കിൽ തനിയെ മുളച്ചതാണോ എന്ന കാര്യത്തിൽ വ്യക്തത ലഭിച്ചിട്ടില്ല. കഴിഞ്ഞ ആഴ്ച തോട്ടക്കാട്ടുകര സിഗ്നൽ ജംഗ്ഷന് സമീപം ഒഴിഞ്ഞ പറമ്പിൽ നിന്ന് പത്തോളം കഞ്ചാവ് ചെടികൾ കണ്ടെത്തിയിരുന്നു. ആലുവയിൽ വർഷങ്ങളായി പൂട്ടിക്കിടന്ന കാത്തായി കോട്ടൺമിൽ വളപ്പിൽ നിന്നും ആറടിയോളം ഉയരമുള്ള പത്തു കഞ്ചാവ് ചെടികളും കണ്ടെത്തിയിരുന്നു.

# പരിധി ലംഘിക്കരുത്; ഗവർണറെ അതൃപ്തി അറിയിച്ച് സർക്കാർ

തിരുവനന്തപുരം: അന്താരാഷ്ട്ര യോഗാദിനത്തിൻറെ ഒരുക്കം വിലയിരുത്താൻ ഗവർണർ വിവിധ വകുപ്പുകളുടെ യോഗം വിളിച്ച സംഭവത്തിൽ അതൃപ്തി അറിയിച്ച് സർക്കാർ. ചീഫ് സെക്രട്ടറി ഗവർണറുടെ സെക്രട്ടറിയെ വിളിച്ച് വിവരം ആരായുകയും സർക്കാരിൻറെ അതൃപ്തി അറിയിക്കുകയും ചെയ്തതായി മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി. ഒരു പ്രത്യേക യോഗമെന്ന നിലയിലല്ല ഉദ്യോഗസ്ഥരെ വിളിച്ചത്. യോഗാദിനത്തെ കുറിച്ചുള്ള ആശയവിനിമയം മാത്രമാണ് നടന്നതെന്നും ഗവർണറുടെ സെക്രട്ടറി ചീഫ് സെക്രട്ടറിയെ ഔദ്യോഗികമായി അറിയിച്ചു. ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട യോഗങ്ങളോ അവലോകന യോഗങ്ങളോ സർക്കാരിൻറെ എക്സ്ക്യൂട്ടീവ് ചുമതലകളിൽപ്പെട്ടതാണ്. ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ വേണമെന്നും ചീഫ് സെക്രട്ടറി ലോക്ഭവന് നൽകിയ കത്തിൽ ആവശ്യപ്പെട്ടു. യോഗദിനാഘോഷത്തിൻറെ ഒരുക്കം വിലയിരുത്താൻ ഗവർണർ രാജേന്ദ്ര ആർലേക്കർ ചൊവ്വാഴ്ച വിവിധ വകുപ്പുകളുടെ യോഗം നേരിട്ടു വിളിച്ചുചേർത്തിരുന്നു. ഉന്നത, പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരും ദേശീയ ആരോഗ്യ മിഷൻ സംസ്ഥാന മേധാവിയും സർവകലാശാലാ വൈസ് ചാൻസലർമാരുമൊക്കെ യോഗത്തിൽ പങ്കെടുത്തിരുന്നു. സർക്കാരിൻറെ ഭരണകാര്യത്തിൽ ഇടപെട്ട് ഗവർണറുടെ ഈ നടപടി വൻ വിവാദമായിരുന്നു.

# പാറശാല സർക്കാർ ആശുപത്രിയിൽ മൂന്നു വയസുകാരിക്ക് കാലാവധി കഴിഞ്ഞ ട്രിപ്പ് നൽകിയതിൽ പ്രതിഷേധം

പാറശാല: പാറശാല സർക്കാർ ആശുപത്രിയിലെത്തിയ മൂന്നുവയസുകാരിക്ക് കാലാവധി കഴിഞ്ഞ ട്രിപ്പ് നൽകിയതായി ആക്ഷേപം.

തളച്ചാൻവിള സ്വദേശി അഖിലിൻറെ മകൾ അബീന (മൂന്ന്) യ്ക്കാണ് കാലാവധി കഴിഞ്ഞ ട്രിപ്പ് നൽകിയത്. ഇന്നലെ രാവിലെ ആയിരുന്നു സംഭവം. ഛർദിയും വയറിളക്കവുമായി ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയതായിരുന്നു അബീന. രണ്ടുമാസത്തിനു മുന്പു കാലാവധി കഴിഞ്ഞ ട്രിപ്പാണ് ആശുപത്രിക്ക് അധികൃതർ അബീനയ്ക്കു നൽകിയത്. ഇത് ശ്രദ്ധയിൽപ്പെട്ട കൂട്ടിരിപ്പുകാർ വിവരം ഡോക്ടറെ അറിയിക്കുകയായിരുന്നു.

സംഭവം അറിഞ്ഞ് ഡിവൈഎഫ്ഐ പ്രവർത്തകർ ആശുപത്രിയിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. പാറശാല പോലീസ് ബാരിക്കേഡ് സ്ഥാപിച്ച് പ്രവർത്തകരെ തടഞ്ഞു. പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുകയാണ്.

കാലാവധി കഴിഞ്ഞ ട്രിപ്പായാലും മരുന്നു വർഗമായാലും രോഗികൾക്ക് കൊടുക്കുന്നതു വലിയ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നിരിക്കെയാണ് ആശുപത്രി ജീവനക്കാരുടെ ഭാഗത്തുനിന്ന് അലംഭാവമുണ്ടായിരിക്കുന്നത്.

# മുപ്പത് ദിവസത്തിനുള്ളിൽ അമേരിക്കൻ സേന പിന്മാറും; കരാർ വിവരങ്ങൾ പുറത്ത്

വാഷിംഗ്ടൺ: യുദ്ധം അവസാനിപ്പിച്ചു കൊണ്ട് ഇറാനും അമേരിക്കയും ഒപ്പുവെച്ച സമാധാന കരാറിൻറെ നിർണായക വിവരങ്ങൾ പുറത്ത്. യുഎസ് സൈന്യത്തിൻറെ പിന്മാറ്റം ഉൾപ്പെടെയുള്ള വ്യവസ്ഥകൾ അടങ്ങുന്നതുമായ 14 ഇന ധാരണയുടെ വിവരങ്ങളാണ് ഇറാൻ ഔദ്യോഗികമായി പുറത്തുവിട്ടിരിക്കുന്നത്. ഫ്രാൻസിൽ വെച്ച് ഇരുരാജ്യങ്ങളും തമ്മിൽ സമാധാന കരാറിലെത്തിയ വിവരം അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് സ്ഥിരീകച്ചതിന് തൊട്ടുപിന്നാലെയാണ് ഈ വിവരങ്ങൾ പുറത്തുവരുന്നത്. കരാർ പ്രകാരം 30 ദിവസത്തിനുള്ളിൽ ഇറാൻറെ പരിസര പ്രദേശങ്ങളിൽ നിന്നും അമേരിക്കൻ സേന പൂർണമായും പിന്മാറും. ഹോർമുസ് കടലിടുക്കിലൂടെയുള്ള യാത്രയ്ക്ക് അടുത്ത 60 ദിവസത്തേക്ക് ഇറാൻ യാതൊരുവിധ പണവും ഈടാക്കില്ലെന്നും വ്യവസ്ഥയുണ്ട്. അതേസമയം കരാർ യാഥാർത്ഥ്യമായെങ്കിലും ഇറാനെതിരെ ശക്തമായ മുന്നറിയിപ്പുമായി ട്രംപ് രംഗത്തെത്തിയിട്ടുണ്ട്. ഇതൊരു താൽക്കാലിക ധാരണ മാത്രമാണെന്നും കരാറിലെ വ്യവസ്ഥകൾ ലംഘിച്ചാൽ ശക്തമായ സൈനിക നീക്കമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ഇറാനിലെ പെൺകുട്ടികളുടെ സ്കൂളിന് നേരെയുണ്ടായ മിസൈൽ ആക്രമണം ആരും മനപൂർവം ചെയ്തതല്ലെന്നും ട്രംപ് വ്യക്തമാക്കി.

# ഫെലോഷിപ്പിന് അപേക്ഷിക്കാം

സംസ്ഥാനത്ത് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് 2026-27 സാമ്പത്തിക വർഷം കാലാവസ്ഥാ വ്യതിയാനം ശീർഷകത്തിന് കീഴിൽ നടപ്പിലാക്കുന്ന ഉജ്ജ്വൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചു. വിശദാംശങ്ങളും, അപേക്ഷയുടെ മാതൃകയും www.envt.kerala.gov.in ൽ ലഭ്യമാണ്. അപേക്ഷയും അനുബന്ധരേഖകളും ജൂലൈ 4 ന് മുൻപായി 'ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ (നാലാം നില), തിരുവനന്തപുരം 695001' എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ : 0471 2326264 ഇ-മെയിൽ: environmentdirectorate@gmail.com.

# വിദ്യാർഥികളെ ബസിൽ കയറ്റാത്ത സംഭവം; കണ്ടക്ടറുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു

തൃശൂർ: വടക്കാഞ്ചേരിയിൽ വിദ്യാർഥികളെ ബസിൽ കയറ്റാത്ത സംഭവത്തിൽ കണ്ടക്ടർക്കെതിരെ നടപടിയെടുത്ത് മോട്ടോർ വാഹന വകുപ്പ്. കണ്ടക്ടറുടെ ലൈസൻസ് മൂന്ന് മാസത്തേക്ക് സസ്പെൻഡ് ചെയ്തു. കൂടാതെ, ഇയാൾക്ക് ബോധവൽക്കരണ ക്ലാസിൽ പങ്കെടുക്കാനും നിർദേശം നൽകിയിട്ടുണ്ട്.

കഴിഞ്ഞദിവസം വടക്കാഞ്ചേരിയിലായിരുന്നു സംഭവം ഉണ്ടായത്. മണിക്കൂറുകളോളം ബസിൽ കയറാൻ കാത്തുനിന്ന വിദ്യാർഥികളെ കണ്ടക്ടർ ബസിൽ കയറ്റിയില്ല. ഒടുവിൽ സമയം വൈകിയപ്പോൾ വിദ്യാർഥികൾ കൈകൂപ്പി അഭ്യർഥിച്ചെങ്കിലും കണ്ടക്ടർ കൂട്ടാക്കിയില്ല.

വിദ്യാർഥികൾ അപേക്ഷിച്ചിട്ടും ബസിൽ കയറ്റാതെ കണ്ടക്ടർ അവരെ പുറത്തു നിർത്തുകയായിരുന്നു. ഇതിൻറെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുകയും ചെയ്തിരുന്നു. സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വടക്കാഞ്ചേരി ജോയിൻറ് ആർടിഒ ഓഫീസിലേക്ക് കണ്ടക്ടറെ വിളിച്ചുവരുത്തി വിശദീകരണം തേടിയിരുന്നു. പിന്നാലെയാണ് ലൈസൻസ് റദ്ദാക്കാൻ മോട്ടോർ വാഹന വകുപ്പ് തീരുമാനിച്ചത്.

# ക്വട്ടേഷൻ ക്ഷണിച്ചു

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ 2025-26 സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ പരിശോധിച്ച് ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഇൻകം ടാക്സ് റിട്ടേൺ ഇ-ഫൈലിംഗ് ചെയ്യുന്നതിനുമായി യോഗ്യരായ ആഡിറ്റർമാരിൽ നിന്ന് 1,00,000/ രൂപയിൽ കവിയാത്ത മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷൻ ജൂൺ 29 രാവിലെ 11 ന് മുൻപായി കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

# മണൽ ഖനനത്തെച്ചൊല്ലി തർക്കം; മൂന്ന് പേരെ കാറിനുള്ളിലിട്ട് തീകൊളുത്തി കൊലപ്പെടുത്തി

റായ്പുർ: ഛത്തീസ്ഗഡിലെ കോറിയ ജില്ലയിൽ ബിജെപി നേതാവ് ഉൾപ്പെടെ മൂന്ന് പേരെ കാറിനുള്ളിലിട്ട് തീകൊളുത്തി കൊലപ്പെടുത്തി. ബിജെപി നേതാവും മുൻ ജനപദ പഞ്ചായത്ത് പ്രസിഡൻറുമായ ഭരത് സിംഗ്, അദ്ദേഹത്തിൻറെ ബന്ധുവും അധ്യാപകനുമായ നാഗേന്ദ്ര സിംഗ്, വീരേന്ദ്ര സിംഗ് എന്നിവരാണ് കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ട് അക്ഷിത് ത്രിപാഠി, വിശാൽ ത്രിപാഠി, സത്യപ്രകാശ് ത്രിപാഠി, മന്നു ത്രിപാഠി എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തു. മണൽ ഖനനത്തെച്ചൊല്ലിയുണ്ടായ തർക്കത്തെ തുടർന്ന് ചൊവ്വാഴ്ച രാത്രി സോൻഹത്ത് പോലീസ് സ്റ്റേഷൻ പരിധിയിലെ നൗഗയിൻ ഗ്രാമത്തിലാണ് സംഭവം നടന്നത്.

ഭരത് സിംഗും സംഘവും സഞ്ചരിച്ചിരുന്ന കാർ ട്രക്കുകൾ ഉപയോഗിച്ച് വളഞ്ഞ ശേഷം പെട്രോൾ ഒഴിച്ച് കത്തിക്കുകയായിരുന്നു. ഭരത് സിംഗ് സംഭവസ്ഥലത്തും നാഗേന്ദ്ര സിംഗും വീരേന്ദ്ര സിംഗും ആശുപത്രിയിലുമാണ് മരിച്ചത്. ആക്രമണത്തിൽ പരിക്കേറ്റ മായങ്ക് സിംഗ് എന്നയാൾ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ ചികിത്സയിലാണ്.

മണൽ ഖനനത്തെച്ചൊല്ലി ഭരത് സിംഗിൻറെ കുടുംബവും മറ്റൊരു ബിജെപി നേതാവായ മനോജ് ത്രിപാഠിയുടെ കുടുംബവും തമ്മിൽ മാസങ്ങളായി തർക്കം നിലനിന്നിരുന്നു. മണൽ കടത്തുന്നതുമായി ബന്ധപ്പെട്ട് നിയന്ത്രണത്തെ ചൊല്ലിയുള്ള തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചതെന്നാണ് പ്രാഥമിക നിഗമനം. സംഭവത്തിൽ ഒൻപത് പേർക്കെതിരെയാണ് പോലീസ് കേസെടുത്തിരിക്കുന്നത്. ഇതിൽ നാലു പേരെ അറസ്റ്റ് ചെയ്തു. കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# അങ്കമാലിയിലെ വീടുകളിൽ മോഷണം; രണ്ടേകാൽ പവൻ കവർന്നു, മോഷ്ടാവ് എത്തിയത് മുഖം മറച്ച്

കൊച്ചി: എറണാകുളം അങ്കമാലിയിലെ വീടുകളിൽ മോഷണം. ആളില്ലാത്ത വീട്ടിൽ നിന്നും രണ്ടേകാൽ പവൻ സ്വർണം കവരുകയും മൂന്നു വീടുകളിൽ മോഷണശ്രമം നടത്തുകയും ചെയ്തു.

മങ്ങാട്ടുകര കപ്പളയ്ക്ക് സമീപം അറ്റകുറ്റപ്പണികൾ നടക്കുന്ന ആൾതാമസം ഇല്ലാത്ത വീടിൻറെ വാതിൽ കുത്തിത്തുറന്ന് അകത്തു കടന്നാണ് മോഷ്ടാവ് സ്വർണം കവർന്നത്.

കഴിഞ്ഞ ദിവസം രാത്രിയിലാണ് സംഭവം. മുഖം മറിച്ചാണ് മോഷ്ടാവ് എത്തിയത്. മങ്ങാട്ടുകര അരീക്കൽ ബേബി പോളിൻറെ വീടിൻറെ മുൻ വാതിലിൻറെ പൂട്ട് തകർത്താണ് മോഷ്ടാവ് അകത്ത് കടന്നത്. അകത്തു കയറിയ മോഷ്ടാവ് അലമാര തുറന്ന് വസ്ത്രങ്ങൾ വാരി വലിച്ച് ഇട്ടിട്ടുണ്ട്. എന്നാൽ വീട്ടിൽ നിന്നും ഒന്നും നഷ്ടപ്പെട്ടിട്ടില്ല.

മോഷ്ടാവ് ഗേറ്റ് തുറന്ന് വരുന്നതിൻറെയും പിൻവാതിലിലൂടെ പോകുന്നതിൻറെയും സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിട്ടുണ്ട്. സമീപത്തെ അരീക്കൽ വർഗീസിൻറെ വീടിൻറെ പിൻവാതിൽ തകർത്തും മോഷണശ്രമം നടത്തിയിട്ടുണ്ട്.

ഒരു മാസത്തിനിടെ പീചാനിക്കാട്, മങ്ങാട്ടുകര ഭാഗങ്ങളിൽ തന്നെ നിരവധി മോഷണങ്ങളാണ് നടന്നിട്ടുള്ളത്. ഏതാനും ആഴ്ചകൾക്ക് മുമ്പ് ഉറങ്ങിക്കിടന്ന വീട്ടമ്മയുടെ മാല ജനലിലൂടെ പൊട്ടിച്ചെടുത്തിരുന്നു. ഇതിലെ പ്രതികൾക്കായും പൊലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

# അജ്ഞാത ജീവി വളർത്തുനായയെ കടിച്ചു കൊന്നു; നാട്ടുകാർ ഭീതിയിൽ

കൊച്ചി: എറണാകുളം കോതമംഗലം കോട്ടപ്പടിയിൽ വളർത്തുനായയെ അജ്ഞാത ജീവി കടിച്ചു കൊന്നു. കോട്ടപ്പടി മുട്ടത്തുപ്പാറ സ്വദേശി സാബുവിൻറെ വളർത്തുനായയാണ് ഇന്ന് പുലർച്ചെ അജ്ഞാത ജീവി കടിച്ചു കൊന്നത്. നായയുടെ കഴുത്തിന് പിന്നിലാണ് മുറിവേറ്റിരിക്കുന്നത്. വനം വകുപ്പ് സ്ഥലത്തെത്തി പരിശോധന നടത്തുകയാണ്.

നായയെ കൊന്നത് അജ്ഞാത ജീവിയാണ് എന്നതിൽ വനം വകുപ്പ് ഇതുവരെ സ്ഥിരീകരണം നടത്തിയിട്ടില്ല. പുലർച്ചെ നാലോടെ നായ കുരയ്ക്കുന്നതും മറ്റ് ശബ്ദങ്ങളും പരിസരവാസികൾ കേട്ടിരുന്നു.

രാവിലെ നോക്കിയപ്പോഴാണ് നായ ചത്തു കിടക്കുന്നത് കണ്ടത്. വന്യമൃഗ ശല്യം കാരണം ഏറെ ഭീതിയിലാണ് പ്രദേശവാസികൾ. വനമേഖലയോട് ചേർന്നു കിടക്കുന്ന ഈ പ്രദേശത്ത് കാട്ടാന ശല്യവും രൂക്ഷമാണ്.

# മലപ്പുറത്ത് കാട്ടാന കിണറ്റിൽ വീണു

മലപ്പുറം: കരുളായി പാലാങ്കരയിൽ കാടിറങ്ങിയ ആന കൃഷിയിടത്തിലെ കിണറ്റിൽ വീണു. കരുളായി പാലാങ്കര വലിയ പാലത്തിനു സമീപം സ്വകാര്യ വ്യക്തിയുടെ കൃഷിയിടത്തിലെ ആൾമറയില്ലാത്ത കിണറ്റിലാണ് ആന വീണത്.

നാട്ടുകാർ വിവരം അറിയിച്ചതിനെ തുടർന്നു വനപാലകരുടെ സംഘം സ്ഥലത്തെത്തിയാണ് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ജെസിബി ഉപയോഗിച്ച് കിണറിൻറെ വ്യാപതി കൂട്ടി ആനയെ കരയ്ക്കെത്തിക്കുകയായിരുന്നു.

# കുടുംബശ്രീയിൽ എൻ.ആർ.എൽ.എം അക്കൗണ്ടന്റ് കരാർ നിയമനം; ജൂലൈ 1 വരെ അപേക്ഷിക്കാം

കുടുംബശ്രീ ജില്ലാ മിഷനുകളിൽ ഒഴിവുള്ള എൻ.ആർ.എൽ.എം അക്കൗണ്ടന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. നിലവിൽ തൃശൂർ ജില്ലയിലാണ് ഒരു ഒഴിവുള്ളത്. എന്നാൽ, ഒരു വർഷത്തെ കരാർ കാലാവധിക്കിടെ മറ്റ് ജില്ലകളിൽ ഒഴിവ് വരുന്ന പക്ഷം ഈ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ജൂലൈ 1ന് വൈകുന്നേരം 5 മണി വരെ ഓൺലൈനായി അപേക്ഷിക്കാം. വിദ്യാഭ്യാസ യോഗ്യത: ബി.കോം, ഡി.സി.എ, ടാലി. സർക്കാർ, അർദ്ധസർക്കാർ വകുപ്പുകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് പ്രോജക്ടുകൾ, കുടുംബശ്രീ എന്നിവയിലേതിലെങ്കിലും അക്കൗണ്ടന്റായി കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധമാണ്.

അപേക്ഷകർക്ക് 2026 ജനുവരി ഒന്നിന് 40 വയസ്സ് കവിയരുത്. പ്രതിമാസം 30,000 രൂപയാണ് വേതനം. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിയായ എൻ.ആർ.എൽ.എം പദ്ധതിയുടെ ഭാഗമായുള്ള സംസ്ഥാന-ജില്ലാ തല വരവു ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുകയാണ് ജോലിയുടെ സ്വഭാവം. നിയമനം ലഭിക്കുന്ന തീയതി മുതൽ 2027 മാർച്ച് 31 വരെയാണ് പ്രാഥമിക കരാർ കാലാവധി. അതിനുശേഷം പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ കരാർ ദീർഘിപ്പിച്ചു നൽകും.

500 രൂപയാണ് പരീക്ഷാ ഫീസ്. അപേക്ഷയോടൊപ്പം ഓൺലൈനായി ഫീസ് അടയ്ക്കാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന ബയോഡാറ്റകൾ വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യരായവരെ തിരഞ്ഞെടുക്കാനുള്ള പൂർണ്ണ അധികാരം സി.എം.ഡിക്ക് ആയിരിക്കും. ഉദ്യോഗാർത്ഥികൾ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കണം. www.cmd.kerala.gov.in എന്ന വെബ്സൈറ്റിലൂടെ നിശ്ചിത ഫോർമാറ്റിൽ ഓൺലൈനായി വേണം അപേക്ഷ സമർപ്പിക്കാൻ. ഓൺലൈൻ അല്ലാതെയുള്ള അപേക്ഷകളും, യഥാസമയം ലഭിക്കാത്തവയും, നിശ്ചിത യോഗ്യതയില്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം വന്നേക്കാം. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന് ഒരു വർഷത്തെ കാലാവധിയുണ്ടായിരിക്കും. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടും യഥാസമയം ജോലിയിൽ പ്രവേശിക്കാത്തവരുടെ നിയമനം റദ്ദാക്കുകയും ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്യും.

# നീറ്റ് പരീക്ഷ എഴുതാൻ ഭയം; തമിഴ്നാട്ടിൽ വിദ്യാർഥിനി ജീവനൊടുക്കി

കോയമ്പത്തൂർ: തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ നീറ്റ് പരീക്ഷക്കായി തയാറെടുക്കുകയായിരുന്ന വിദ്യാർഥിനി ജീവനൊടുക്കി. കോവൈപുതുരിലെ പാർക്ക് ടൗൺ സ്വദേശിനി അനുകീർത്തന (19) ആണ് മരിച്ചത്. ബുധനാഴ്ച രാവിലെയാണ് സംഭവം. വീണ്ടും നീറ്റ് പരീക്ഷയെഴുതാൻ ഭയമുണ്ടെന്ന് ബന്ധുക്കൾക്ക് സന്ദേശം അയച്ചതിന് പിന്നാലെയാണ് അനുകീർത്തന ജീവനൊടുക്കിയത്.

വാട്സ്ആപ്പ് സന്ദേശം കണ്ട് ബന്ധുക്കൾ വീട്ടിലെത്തി വാതിൽ തുറന്നപ്പോഴാണ് അബോധാവസ്ഥയിലായ അനുകീർത്തനയെ കണ്ടെത്തിയത്. ഉടൻതന്നെ ആശുപത്രിയിൽ എത്തിച്ച് ഐസിയുവിൽ പ്രവേശിപ്പിച്ചെങ്കിലും ഉച്ചയ്ക്ക് ശേഷം മരണം സംഭവിക്കുകയായിരുന്നു.

ഒരു വർഷമായി നീറ്റ് പരിശീലനത്തിലായിരുന്നു അനുകീർത്തന. ഇക്കുറി പരീക്ഷയെഴുതി മെഡിക്കൽ കോളജിൽ പ്രവേശനം ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് ചോദ്യപേപ്പർ ചോർച്ചയെ തുടർന്ന് കേന്ദ്ര സർക്കാർ പരീക്ഷ റദ്ദാക്കിയതും പുനഃപരീക്ഷ പ്രഖ്യാപിച്ചതും. ഇതോടെ അനുകീർത്തന കടുത്ത വിഷാദത്തിലായിരുന്നു എന്ന് കുടുംബം പറഞ്ഞു.

മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. സംഭവത്തിൽ കേസെടുത്ത പോലീസ് കേസ് അനുകീർത്തനയുടെ ഫോൺ കസ്റ്റഡിയിൽ എടുത്ത അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സുസ്ഥിര വികസനം ലക്ഷ്യമിട്ടുള്ള നയരൂപീകരണത്തിനുമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് (DoECC) പ്രൊജക്ട് പ്രൊപ്പോസൽ ക്ഷണിച്ചു. 'എൻവയോൺമെന്റൽ റിസർച്ച് ആൻഡ് ഡെവലപ്മെന്റ്' പദ്ധതിക്ക് കീഴിലാണ് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നത്. സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ശാസ്ത്രജ്ഞർ, അധ്യാപകർ, സാങ്കേതിക വിദഗ്ധർ എന്നിവർക്ക് പ്രൊജക്ടുകൾ സമർപ്പിക്കാം. സമൂഹം നേരിടുന്ന പരിസ്ഥിതി വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതും പ്രായോഗികമായ സാങ്കേതികവിദ്യകളിലൂടെയും നവീന മാർഗ്ഗങ്ങളിലൂടെയും സാധ്യമായ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതുമായിരിക്കണം പ്രൊജക്ടുകൾ.നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷകളും വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും ooo.ലീ.സേലൃമഹമ.ഴീ.ശി-ൽ നിന്ന് ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 15നകം ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, നാലാം നില, കെ.എസ്.ആർ.ടി.സി ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ പി.ഒ, തിരുവനന്തപുരം - 695001 എന്ന വിലാസത്തിൽ ലഭിക്കണം. അപേക്ഷകൾ അയക്കുന്ന കവറിന് മുകളിൽ 'Project Proposals under the Plan Scheme: Environmental Research and Development' എന്ന് രേഖപ്പെടുത്തണം. കൂടുതൽ വിവരങ്ങൾക്ക് : 0471 2326264.

# മോഹൻലാൽ ഇനി തൂഫാൻ വാറിയർ

തിരുവനന്തപുരം: ലഹരി വിമുക്ത കേരളം ലക്ഷ്യമിട്ടു പോലീസ് നടപ്പാക്കുന്ന പ്രത്യേക ദൗത്യമായ 'ഓറേഷൻ തൂഫാൻ ദ നാർക്കോ ഹണ്ടി'ന് പൂർണ പിന്തുണ പ്രഖ്യാപിച്ചു മലയാളത്തിൻറെ പ്രിയതാരം, മോഹൻലാൽ.

ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുമായും പദ്ധതി നോഡൽ ഓഫീസറായ ഐജി പുട്ട വിമലാദിത്യയുമായും കൂടിക്കാഴ്ച നടത്തിയ മോഹൻലാൽ ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കുന്ന നടപടികൾക്കു പിന്തുണ അറിയിച്ചു.

ലഹരിമാഫിയക്കെതിരെ ശക്തവും വിട്ടുവീഴ്ചയില്ലാത്തതുമായ നടപടി സ്വീകരിച്ച മന്ത്രി രമേശ് ചെന്നിത്തലയെയും കേരള പോലീസിനെയും സംസ്ഥാന സർക്കാരിനെയും അഭിനന്ദിച്ചു. അനേകം കുടുംബങ്ങളെയും യുവജനങ്ങളെയും വിദ്യാർഥികളെയും ലഹരിയുടെ അപകടവലയത്തിൽ നിന്ന് രക്ഷിക്കാൻ ഈ ദൗത്യത്തിന് കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തൻറെ മാതാപിതാക്കളുടെ സ്മരണാർത്ഥം പ്രവർത്തിക്കുന്ന വിശ്വശാന്തി ഫൗണ്ടേഷൻ രൂപകൽപന ചെയ്ത സേ നോ ടു ഡ്രഗ്സ് എന്ന ലഹരിവിരുദ്ധ പദ്ധതിയുടെ രൂപരേഖ മോഹൻലാൽ, ആഭ്യന്തരമന്ത്രിക്ക് കൈമാറി. ലഹരി വിമുക്തിയും പുനരധിവാസവും ലക്ഷ്യമിട്ട് ഫൗണ്ടേഷൻ ഇതിനകം നിരവധി ഇടപെടൽ നടത്തിയിട്ടുണ്ടെന്നും, ലഹരിവിരുദ്ധ പോരാട്ടങ്ങളുമായി തുടർന്നും സഹകരിച്ചു മുന്നോട്ടുപോകുമെന്നും മോഹൻലാൽ വ്യക്തമാക്കി. മോഹൻലാലിനെ പോലെ ജനം നെഞ്ചേറ്റിയ താരം പിന്തുണ നൽകുന്നത് ഓപറേഷൻ തൂഫാന് പുതിയ ഊർജം പകരുമെന്നു രമേശ് ചെന്നിത്തല പറഞ്ഞു.

ഓപറേഷൻ തൂഫാൻ താത്കാലിക നടപടിയല്ലെന്നും ലഹരി മാഫിയയുടെ വേരറുക്കുന്നതുവരെ ദൗത്യം മുന്നോട്ടുകൊണ്ടുപോകുമെന്നും മന്ത്രി വ്യക്തമാക്കി.

# ലെബനനിൽ നിന്ന് പിന്മാറാതെ ഇസ്രയേൽ; പിടിച്ചെടുത്ത പ്രദേശങ്ങളുടെ ഭൂപടം പുറത്തുവിട്ടു

ടെൽ അവീവ്: ലെബനൻ അതിർത്തിയിൽ നിന്ന് പിന്മാറാൻ തയാറല്ലെന്ന് ഇസ്രയേൽ സൈന്യം. തെക്കൻ ലെബനനിൽ തങ്ങൾ പിടിച്ചടക്കിയ സ്ഥലങ്ങളുടെ പുതിയ ഭൂപടം ഇസ്രയേൽ സൈന്യം പുറത്തുവിട്ടിട്ടുണ്ട്. ലെബനനിൽ നിന്ന് പിന്മാറണമെന്ന് അമേരിക്ക ആവശ്യപ്പെട്ടതിന് പിന്നാലെയാണ് ഇസ്രയേൽ സൈന്യം നിലപാട് വ്യക്തമാക്കിയത്.

ഇറാനും അമേരിക്കയും തമ്മിലുള്ള സമാധാന കരാറിൻറെ കരട് രേഖയിൽ ഇസ്രയേൽ ലെബനനിൽ നിന്ന് പിൻവാങ്ങണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇസ്രയേൽ ലെബനനിൽ നിന്ന് പിന്മാറാതെ കരാർ സാധ്യമാകില്ലെന്നാണ് ഇറാൻറെ നിലപാട്. ലെബനൻ അതിർത്തിക്കുള്ളിലേക്ക് 10 കിലോമീറ്റർ വരെ തങ്ങളുടെ അധീനതയിലാണെന്ന് വ്യക്തമാക്കുന്നതാണ് ഇസ്രയേൽ പുറത്തിറക്കിയ പുതിയ ഭൂപടം. പ്രമുഖ ലെബനീസ് നഗരമായ നബാത്തിയയുടെ സമീപപ്രദേശങ്ങൾ വരെ ഇസ്രയേൽ സൈന്യത്തിൻറെ നിയന്ത്രണത്തിലായതായാണ് ഭൂപടം വ്യക്തമാക്കുന്നത്.

# ഇന്ത്യാ സഖ്യത്തിൽ വോട്ടുചോർച്ച; രാജ്യസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർഥിക്ക് തോൽവി

റാഞ്ചി: ഇന്ത്യാ സഖ്യത്തിലെ വോട്ടുചോർച്ചയെത്തുടർന്ന് ജാർഖണ്ഡ് രാജ്യസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് അപ്രതീക്ഷിത പരാജയം. രണ്ട് സീറ്റുകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഒരു സീറ്റിൽ ഭരണകക്ഷിയായ ജെഎംഎമ്മും രണ്ടാമത്തെ സീറ്റിൽ എൻഡിഎ പിന്തുണയുള്ള സ്വതന്ത്രനും വിജയിച്ചു.

ഇന്ത്യാ സഖ്യത്തിനുള്ളിൽനിന്ന് വോട്ടുകൾ ലഭിച്ചതോടെയാണ് എൻഡിഎ പിന്തുണയുള്ള പരിമൾ നത്വാനിക്ക് ജയിക്കാനായത്. 81 അംഗ ജാർഖണ്ഡ് നിയമസഭയിൽ 28 ഫസ്റ്റ് വോട്ടുകളാണ് ഒരു സ്ഥാനാർഥിക്ക് ജയിക്കാൻ വേണ്ടിയിരുന്നത്. ഇന്ത്യാ സഖ്യത്തിൻറെ ഭാഗമായി ഒരു സീറ്റിൽ ജെഎംഎമ്മും രണ്ടാമത്തെ സീറ്റിൽ കോൺഗ്രസും മത്സരിച്ചു.

ഇന്ത്യാ സഖ്യത്തിന് 56 എംഎൽഎമാരുണ്ട്. രണ്ട് സീറ്റുകളിലും ജയിക്കാൻ ഈ അംഗ സഖ്യ മതിയായിരുന്നു. ഇതിനിടയിലാണ് ഇന്ത്യാ സഖ്യത്തിലെ വിള്ളൽ തിരിച്ചറിഞ്ഞ് ബിജെപി സ്വതന്ത്രനെ നിർത്തിയത്. എൻഡിഎയ്ക്ക് 24 എംഎൽഎമാർ മാത്രമാണ് ഉണ്ടായിരുന്നത്.

എന്നാൽ എൻഡിഎ പിന്തുണച്ച പരിമൾ നത്വാനിക്ക് 28 വോട്ടുകൾ ലഭിച്ചു. ജെഎംഎമ്മിൻറെ ബൈദ്യനാഥ് റാമിന് 30 വോട്ടുകളും ലഭിച്ചു. എന്നാൽ കോൺഗ്രസ് സ്ഥാനാർഥി പ്രണവ് ഝായ്ക്ക് 20 വോട്ടുകൾ മാത്രമാണ് ലഭിച്ചത്. മൂന്ന് വോട്ടുകൾ അസാധുവായി.

# എഫ്സിആർഐ ഭേദഗതി: കേന്ദ്രത്തിനെതിരെ വീണ്ടും കത്തോലിക്കാ മെത്രാൻ സമിതി

ന്യൂഡൽഹി: ന്യൂനപക്ഷ സ്ഥാപനങ്ങളെ ലക്ഷ്യമിട്ട് മോഡി സർക്കാർ കൊണ്ടുവരുന്ന എഫ്സിആർഐ ഭേദഗതി ബില്ലിനെതിരെ വീണ്ടും കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) രംഗത്ത്. ബില്ലിനെതിരെ ഈ മാസം 28ന് പ്രാർത്ഥനാ ദിനം ആചരിക്കാൻ ആഹ്വാനം നൽകി. അന്നേ ദിവസം രാജ്യത്തെ മുഴുവൻ കത്തോലിക്കാ സഭകളിലും പ്രാർത്ഥന നടത്തുമെന്ന് സിബിസിഐ അധ്യക്ഷൻ കർദിനാൾ ആന്റണി പൂള പറഞ്ഞു. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ ബിൽ പരിഗണിക്കുമെന്ന സൂചന ലഭിച്ചതോടെയാണ് ഈ നീക്കം. ക്രൈസ്തവ സ്ഥാപനങ്ങളും സഭകളും നടത്തിവരുന്ന വിദ്യാഭ്യാസ, സാമൂഹ്യസേവന, ആരോഗ്യ പ്രവർത്തനങ്ങൾക്ക് തടയിടുന്നതാണ് ഭേദഗതിയെന്ന് സിബിസിഐ ആശങ്ക അറിയിച്ചിരുന്നു.

ബിഷപ്പുമാർ, പുരോഹിതർ, സന്യാസിമാർ, വിശ്വാസികൾ എന്നിവരോട് മറ്റ് ക്രിസ്ത്യൻ സമൂഹങ്ങളുമായി ഐക്യത്തോടെ ചേർന്ന് പ്രാർത്ഥനയിൽ ഏർപ്പെടാൻ കർദ്ദിനാൾ ആഹ്വാനം ചെയ്തു. നമ്മുടെ പൊതുവായ വിശ്വാസത്തിന്റെയും ഉത്കണ്ഠയുടെയും ഐക്യപ്രകടനമാണ് പ്രാർത്ഥനാ ദിനമെന്നും വിശേഷിപ്പിച്ചു.

എഫ്സിആർഎ ബില്ലിനെക്കുറിച്ചുള്ള ആശങ്കകൾ പ്രകടിപ്പിക്കുന്ന മെമ്മോറാണ്ടങ്ങൾ തയ്യാറാക്കാൻ സിബിസിഐ പ്രസിഡന്റ് സഭാ സമൂഹങ്ങളോട് ആവശ്യപ്പെട്ടു. എല്ലാ വിശ്വാസികളും സുമനസുകളും ഒപ്പിട്ട രേഖകൾ അതത് പ്രദേശങ്ങളിലെ എംപിമാരിലൂടെയും സംസ്ഥാന നിയമസഭാംഗങ്ങളിലൂടെയും കേന്ദ്ര സർക്കാരിന് സമർപ്പിക്കാവുന്നതാണ്.

ജനപ്രതിനിധികളെ പ്രാർത്ഥനാ യോഗങ്ങളിലേക്ക് ക്ഷണിക്കണം. ഉത്തരവാദിത്തമുള്ള പൗരന്മാർ എന്ന നിലയിൽ, സമാധാനം, നീതി, ഐക്യം, നമ്മുടെ രാജ്യത്തിന്റെ പൊതുനന്മ എന്നിവയ്ക്കായി നമുക്ക് തുടർന്നും പ്രവർത്തിക്കാം എന്നും കർദ്ദിനാൾ പറഞ്ഞു. എഫ്സിആർഎ ബില്ലിലെ വ്യവസ്ഥകൾ ഭയാനകമാണെന്ന് സിബിസിഐ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു കോയിക്കൽ നേരത്തെ വിശേഷിപ്പിച്ചിരുന്നു. മാർച്ച് 25ന് കേന്ദ്രം ലോക്സഭയിൽ ബിൽ അവതരിപ്പിച്ചു. ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ എംപിമാർ ഏപ്രിൽ രണ്ടിന് പാർലമെന്റിൽ ഒരു പ്രതിഷേധം നടത്തി. എൻജിഒകളെയും ക്രൈസ്തവ സ്ഥാപനങ്ങളെയും ലക്ഷ്യമിടുന്നത് അവസാനിപ്പിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

കേരളം, തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് മേയിൽ നടന്നതിനാലാണ് അന്ന് കേന്ദ്രം ബില്ലിൽ നിന്ന് താൽക്കാലികമായി പിൻമാറിയത്.

# ഏലൂരിൽ വൻ ലഹരി വേട്ട; അഞ്ചു കിലോ കഞ്ചാവുമായി അന്യസംസ്ഥാന തൊഴിലാളികൾ പിടിയിൽ

കൊച്ചി: ഓപ്പറേഷൻ തൂഫാൻറെ ഭാഗമായ പരിശോധനയിൽ എറണാകുളം ഏലൂരിൽ വൻ കഞ്ചാവ് വേട്ട. അഞ്ചു കിലോ കഞ്ചാവുമായി രണ്ടു അന്യസംസ്ഥാന തൊഴിലാളികൾ പിടിയിലായി. പശ്ചിമബംഗാൾ സ്വദേശികളായ നൻറു മണ്ഡൽ, മണിരുൾ എസ്. കെ. എന്നിവരാണ് കഞ്ചാവ് വിൽപ്പന നടത്തുന്നതിനിടെ ഏലൂർ ഐഎസി ജംഗ്ഷനിൽ നിന്നും പിടിയിലായത്.ഇന്ന് പുലർച്ചെ നടത്തിയ പരിശോധനയിലാണ് യുവാക്കൾ പിടിയിലായത്. ഒഡിഷയിൽ നിന്നും കഞ്ചാവ് എത്തിച്ച് കേരളത്തിൽ വൻ വിലയ്ക്ക് വിൽക്കുന്നതാണ് ഇവരുടെ രീതി. വിൽപ്പനയ്ക്കായി എത്തിച്ച അഞ്ചു കിലോ കഞ്ചാവാണ് ഇവരിൽ നിന്നും പിടികൂടിയത്. ഇവരെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി ശൃംഖലയെ കുറിച്ചുള്ള അന്വേഷണത്തിലാണ് ഡാൻസാഫ് സംഘം.

# ഉദ്ധവ് വിളിച്ച യോഗത്തിനെത്തിയത് മൂന്ന് എംപിമാർ മാത്രം; വിമതരെ അയോഗ്യരാക്കാൻ നീക്കം

ന്യൂഡൽഹി: ശിവസേന ഉദ്ധവ് താക്കറെ വിഭാഗം വിളിച്ച പാർലമെൻററി പാർട്ടി യോഗത്തിന് എത്തിയത് ഒമ്പത് എംപിമാരിൽ മൂന്ന് പേർ മാത്രം. എല്ലാ എംപിമാരും യോഗത്തിൽ പങ്കെടുക്കണമെന്നാവശ്യപ്പെട്ട് വിപ്പ് പുറപ്പെടുവിച്ചിരുന്നു.

അരവിന്ദ് സാവന്ത്, അനിൽ ദേശായ്, രാജാഭാവു വാജെ എന്നിവരാണ് യോഗത്തിനെത്തിയത്. പാർട്ടിയിലെ ഏക രാജ്യസഭാ എംപിയായ സഞ്ജയ് റാവുത്തും യോഗത്തിൽ പങ്കെടുത്തു. പങ്കെടുക്കാതിരുന്ന ആറ് എംപിമാരെ അയോഗ്യരാക്കാനുള്ള നീക്കങ്ങളും ശിവസേന ആരംഭിച്ചിട്ടുണ്ട്.

യോഗത്തിൽ പങ്കെടുക്കാത്ത എംപിമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചെന്നും ഹാജരാകാത്തതിനുള്ള കാരണം ചോദിച്ച് എല്ലാവർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും അനിൽ ദേശായ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കരമനയിലെ കൊലപാതകശ്രമം: വീട്ടമ്മയെ കുത്തിയത് മാനസികസമ്മർദ്ദം മൂലമെന്നു മൊഴി

പേരൂർക്കട: കരമന സ്റ്റേഷൻ പരിധിയിൽ കഴിഞ്ഞ ദിവസം നടന്ന കൊലപാതക ശ്രമം മാനസിക സമ്മർദം മൂലമെന്നു പ്രതിയുടെ മൊഴി. നെയ്യാറ്റിൻകര കുന്നത്തുകാൽ ആനാവൂർ മുളവൻകോട് റോഡരികത്ത് വീട്ടിൽ താമസിക്കുന്ന എസ്. ബിജു (44) ആണ് കിള്ളിപ്പാലം കരിമഠം സ്വദേശിനിയായ 52 കാരിയെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ചതിന് പിടിയിലായത്.

വീട്ടമ്മയുമായി അടുപ്പമുണ്ടായിരുന്ന ഇയാൾ കരിമഠത്ത് ഇവരെ കാണാൻ പോകുമായിരുന്നുവെന്നും പിന്നീട് ഈ ബന്ധത്തിൽ അസ്വാരസ്യങ്ങളുണ്ടായി എന്നും പോലീസ് പറയുന്നു. നിരന്തരം ഇവർ വിളിച്ച് മാനസിക സമ്മർദ്ദം ഉണ്ടാക്കിയിരുന്നുവെന്നും ഫോൺ അറ്റൻഡ് ചെയ്യാതെ ഒഴിവാക്കാൻ ശ്രമിച്ചപ്പോൾ അഞ്ചു ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് വീട്ടമ്മ ആവശ്യപ്പെട്ടുവെന്നുമാണ് പ്രതി പറയുന്നത്.

ഇതോടെ മാനസിക സമ്മർദത്തിന് അടിപ്പെട്ട ഇയാൾ തൻറെ കാറുമെടുത്ത് പാപ്പനംകോട് ബസ് ഗാരേജിന് സമീപം തമലം ഭാഗത്തേക്ക് പോകുന്ന റോഡിലെത്തി. പിന്നീട് വീട്ടമ്മയെ വിളിച്ച് ഈ ഭാഗത്ത് എത്താൻ ആവശ്യപ്പെട്ടു. ഇവർ വന്നപ്പോൾ കാറിനുള്ളിൽ കയറാനും പുറത്തുപോകാമെന്നും പ്രതി അറിയിച്ചു.

വാഹനത്തിനുള്ളിൽ കയറിയ ഉടൻ പ്രതി തൻറെ കൈവശം കരുതിയിരുന്ന കത്തിയെടുത്ത് വീട്ടമ്മയുടെ കഴുത്തിന് കുത്തിപ്പരിക്കേൽപ്പിക്കുകയായിരുന്നു. അവശനിലയിലായ ഇവർ കാറിൽ നിന്നു പുറത്തേക്ക് വീണു. സംഭവത്തിന് ദൃക്സാക്ഷികളായവർ പ്രതി കാറുമായി സ്ഥലം വിട്ടയുടനെ ഇയാളെ പിന്തുടർന്നു. ഒടുവിൽ വെള്ളായണിഭാഗത്തു വച്ച് കാർ തടഞ്ഞാണ് പിടികൂടിയത്.

പോലീസ് കസ്റ്റഡിയിലെടുത്തശേഷം സ്റ്റേഷനിലെത്തിക്കുകയായിരുന്നു. വീട്ടമ്മ ആശുപത്രിയിൽ ചികിത്സയിലാണ്. ഭർത്താവ് മരണപ്പെട്ട ഇവർ വീട്ടിൽ ഒറ്റയ്ക്കാണ് കഴിഞ്ഞുവരുന്നത്. കരമന പോലീസ് അറസ്റ്റുചെയ്ത പ്രതിയെ ഇന്നു കോടതിയിൽ ഹാജരാക്കും.

# വാക്ക് പാലിച്ചതായി കണ്ടുകൂടെ പ്രിയദർശിനി പദ്ധതിക്കെതിരായ ഹർജിയിൽ ചോദ്യങ്ങളുമായി ഹൈക്കോടതി

കൊച്ചി: പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി റദ്ദാക്കണമെന്ന പൊതുതാത്പര്യ ഹർജിയിൽ ചോദ്യങ്ങളുമായി ഹൈക്കോടതി.

തെരഞ്ഞെടുപ്പ് വാഗ്ദാനം ആണെങ്കിലും വാക്ക് പാലിച്ചതായി കണ്ടുകൂടെ എന്നാണ് കോടതി ചോദിച്ചത്. സ്ത്രീശാക്തീകരണമാണ് ലക്ഷ്യം എന്നാണ് സർക്കാരിൻറെ വാദം. പൊതുതാത്പര്യ ഹർജി വിധി പറയാൻ മാറ്റി.

എറണാകുളം തമ്മനം സ്വദേശി മുഹമ്മദ് ഫിർദൗസ് ആണ് ഹർജി നൽകിയത്.

വരുമാന പരിധിയോ താമസയോഗ്യതയോ പിന്നോക്കാവസ്ഥയോ ഒന്നും പരിഗണിക്കാതെ ലിംഗഭേദം മാത്രം മാനദണ്ഡമാക്കി ആനുകൂല്യം നൽകുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 14,15 (1) എന്നിവ ഉറപ്പു നൽകുന്ന സമത്വത്തിൻറെയും വിവേചനമില്ലായ്മയുടെയും ലംഘനമാണ് എന്നതായിരുന്നു ഹർജിക്കാരൻറെ പ്രധാന വാദം.

ഒരു പഠനം പോലും നടത്താതെയാണ് അധികാരത്തിലെത്തി പിറ്റേ ദിവസം മുതൽ തെരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കിയത് എന്നും ഹർജിക്കാരൻ ഉന്നയിച്ചു.

രാഷ്ട്രീയ നേട്ടത്തിനായുള്ള തെരഞ്ഞെടുപ്പ് വാഗ്ദാനം എന്ന ഹർജിക്കാരൻറെ വാദത്തോട് വാക്ക് പാലിച്ചതായി കണ്ടുകൂടെ എന്ന് കോടതി ചോദിച്ചു.

പദ്ധതി നിർത്തണമെന്ന് എങ്ങനെ പറയാനാകുമെന്നും കോടതി ചോദിച്ചു. കർണാടകയിലും തമിഴ്നാട്ടിലും പശ്ചിമബംഗാളിലും സമാനമായ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും അത് വിജയകരമായി മുന്നോട്ട് പോകുന്നുണ്ടെന്നും സർക്കാരിന് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ജനറൽ കോടതിയെ അറിയിച്ചു.

# അമ്പലമുക്കിലെയും കുറവൻകോണത്തെയും മോഷണം; പ്രതികൾ പ്രായപൂർത്തിയാകാത്തവർ

പേരൂർക്കട: അമ്പലമുക്കിലെയും കുറവൻകോണത്തെയും സ്ഥാപനങ്ങളിലുണ്ടായ മോഷണവുമായി ബന്ധപ്പെട്ട് പ്രതികളെ പോലീസ് തിരിച്ചറിഞ്ഞു. ബാർട്ടൺഹിൽ സ്വദേശികളായ രണ്ടുപേരെയാണ് തിരിച്ചറിഞ്ഞത്. ഇവർ പ്രായപൂർത്തിയായിട്ടില്ലാത്തവരാണെന്നും പോലീസ് അറിയിച്ചു. മൊത്തം നാലുപേരാണ് മോഷണസംഘത്തിലുള്ളതെന്നും കണ്ടെത്തിയിട്ടുണ്ട്.

15ന് പുലർച്ചെ 4.30ന് കുറവൻകോണം ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്ന കുട്ടികളുടെ തുണിത്തരങ്ങൾ വിൽക്കുന്ന ഫസ്റ്റ് ക്രൈ എന്ന സ്ഥാപനത്തിലായിരുന്നു ആദ്യമോഷണം. ഇവിടെ ഡ്രോയറിൽ സൂക്ഷിച്ചിരുന്ന 60, 000 രൂപ അപഹരിച്ചു. കടയുടെ പൂട്ട് കുത്തിപ്പൊളിച്ചതായി കണ്ടെത്തിയ ഉടമ അനു പോലീസിൽ പരാതി നൽകിയിരുന്നു.

കൂടാതെ അമ്പലമുക്ക് ജംഗ്ഷനിലെ ഒരു റസ്റ്ററൻറ്, ഒരു ലബോറട്ടറി എന്നിവിടങ്ങളിലും മോഷണമുണ്ടായി. കടയുടെ സിസിടിവി കാമറകൾ തകർത്തശേഷമായിരുന്നു മോഷണം നടത്തിയത്. എന്നാൽ സമീപത്തെ കടകളിൽ നിന്നു ദൃശ്യങ്ങളാണ് പ്രതികളെ തിരിച്ചറിയാൻ പോലീസിന് സഹായകമായത്.

മോഷണം നടന്ന കടകളുടെ സമീപത്തേക്കും പുറത്തേക്കും പ്രതികൾ നടന്നുപോകുന്നതായുള്ള സിസിടിവി ദൃശ്യങ്ങളാണ് പോലീസ് പരിശോധനയിൽ ലഭിച്ചത്. നാലംഗസംഘത്തിൽ രണ്ടുപേർ പ്രായപൂർത്തിയായവരാണെന്നും ഇവരെ ഉടൻ പിടികൂടുമെന്നും പേരൂർക്കട സിഐ അറിയിച്ചു.

# ലഹരിക്ക് അടിമയായ യുവാവിൻെറ ആക്രമണത്തിൽ മൂന്ന് പേർക്ക് പരിക്ക്

കണ്ണൂർ: പിലാത്തറയിൽ ലഹരിക്ക് അടിമയായ യുവാവിൻറെ ആക്രമണത്തിൽ മൂന്ന് പേർക്ക് പരിക്ക്. ഏഴിലോട് ഫാറൂക് ജുമാ മസ്ജിദിലെ മുഅദ്ദിനെയും കമ്മിറ്റി ഭാരവാഹികളെയുമാണ് യുവാവ് ആക്രമിച്ചത്. കാസർഗോഡ് ബേഡകം സ്വദേശി സിയാദ് അബ്ദുള്ളയാണ് ഇവരെ ആക്രമിച്ചത്.

കുത്തേറ്റ മുഅദ്ദീൻ, മഞ്ചേരി സ്വദേശി മുഹമ്മദ് ആഷിക് (24), പള്ളി കമ്മിറ്റി ഭാരവാഹികളായ നസീർ അന്ന (47), കെ. എം. സമീർ (37) എന്നിവരെ പയ്യന്നൂർ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സിയാദ് അബ്ദുള്ളയെ പോലീസ് കസ്റ്റഡിയിലെടുത്തു. നിരവധി കേസുകളിൽ പ്രതിയാണ് സിയാദെന്ന് പോലീസ് പറഞ്ഞു.

ബുധനാഴ്ച രാത്രി 10. 45 നാണ് അക്രമം നടന്നത്. സിയാദ് ഏഴിലോട് കാർട്ടേഴ്സിൽ കുടുംബസമേതമാണ് താമസിക്കുന്നത്. ലഹരിക്ക് അടിമയായ സിയാദ് ആദ്യം കാർട്ടേഴ്സിലെത്തി ഭാര്യയെയും അയൽവാസികളെയും ആയുധം കാട്ടി ഭീഷണിപ്പെടുത്തുകയും സിസിടിവി കാമറകൾ തല്ലിത്തകർക്കുകയുമായിരുന്നു.

തുടർന്ന് കൈയിൽ കത്തിയുമായി തൊട്ടടുത്തുള്ള ഏഴിലോട് ഫാറൂഖ് ജുമാ മസ്ജിദിലേക്ക് അതിക്രമിച്ചു കയറി. പള്ളിയുടെ ജനൽ ചില്ലുകളും മദ്രസയിലെ കസേരകളും അടിച്ചുതകർത്തു. ജനൽച്ചില്ലുകൾ തകരുന്ന ശബ്ദം കേട്ട് പള്ളിയിലുണ്ടായിരുന്ന മുഹമ്മദ് ആഷിക് ഉടൻ കമ്മിറ്റി ഭാരവാഹികളെ വിവരമറിയിക്കുകയായിരുന്നു. പ്രതിയെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നതിനിടയിലാണ് ഇവർക്ക് പരിക്കേറ്റത്.

പിന്നീട് നാട്ടുകാർ എത്തി അക്രമിയെ സാഹസികമായി കീഴ്പ്പെടുത്തുകയായിരുന്നു. ഉടൻ തന്നെ പരിയാരം പോലീസ് സ്ഥലത്തെത്തുകയും പ്രതിയെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു.

# ടിനി ടോമിനെതിരെ കേസ് എടുക്കണം: കോടതിയെ സമീപിച്ച് അൻസിബ

കൊച്ചി: തനിക്കെതിരെ വിദ്വേഷ പ്രചാരണം നടത്തിയ കേസിൽ ടിനി ടോമിനെതിരെ കേസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് നടി അൻസിബ ഹസൻ കോടതിയെ സമീപിച്ചു.

അൻസിബ നൽകിയ പരാതിയിൽ കടവന്ത്ര പോലീസിൻറെ പ്രാഥമിക അന്വേഷണം നടക്കുന്നതിനിടെയാണ് അൻസിബ എറണാകുളം ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് എട്ടാം നമ്പർ കോടതിയെ സമീപിച്ചിരിക്കുന്നത്.

ടിനി ടോം തനിക്കെതിരെ വർഗീയ അധിക്ഷേപം നടത്തിയെന്നും ജിഹാദി എന്ന് വിളിച്ചുവെന്നുമാണ് അൻസിബയുടെ പരാതി. ടിനി ടോമിനെതിരെ കേസ് എടുക്കാൻ പോലീസിന് നിർദേശം നൽകണമെന്നാണ് അൻസിബയുടെ ആവശ്യം.

പ്രാഥമിക അന്വേഷണത്തിൻറെ ഭാഗമായി കടവന്ത്ര പോലീസ് ടിനി ടോമിൻറെയും താരസംഘടനയായ അമ്മയുടെ പ്രസിഡൻറ് ശ്വേത മേനോൻറെയും മൊഴി എടുത്തിരുന്നു. ടിനി ടോം വർഗീയമായി അധിക്ഷേപിക്കുന്നതോ ജിഹാദി എന്ന് വിളിക്കുന്നതോ കേട്ടിട്ടില്ല എന്നാണ് ശ്വേത മൊഴി നൽകിയത്.

വ്യക്തി വൈരാഗ്യത്തെ തുടർന്നാണ് പരാതിയെന്നും അടിസ്ഥാനഹരിതമാണ് എന്നുമാണ് ടിനി ടോം മൊഴി നൽകിയത്. അൻസിബ മതം മാറ്റിയെന്ന് ആരോപിച്ച പ്രൊഡക്ഷൻ കൺട്രോളറുടെ മകൻറെ മൊഴിയും പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്.

ടിനി ടോം അധിക്ഷേപിക്കുന്നത് അൻസിബ നേരിട്ട് കേട്ടിട്ടില്ല, സംഘടനയിലുള്ളവർ പറഞ്ഞുവെന്നാണ് നടിയുടെ മൊഴി. അതിനാൽ തന്നെ പ്രാഥമിക അന്വേഷണം പൂർത്തിയാക്കിയ ശേഷം മറ്റു നടപടികളിലേക്ക് കടക്കാം എന്ന തീരുമാനത്തിലാണ് പോലീസ്. ഈ സാഹചര്യത്തിലാണ് അൻസിബ കോടതിയെ സമീപിച്ചത്.

# കെ. സുധാകരന് തിരിച്ചടി; എം. വി. ഗോവിന്ദനെതിരായ മാനനഷ്ടക്കേസ് കോടതി തള്ളി

കൊച്ചി: സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദനെതിരേ കോൺഗ്രസ് നേതാവ് കെ. സുധാകരൻ നൽകിയ മാനനഷ്ടക്കേസ് കോടതി തള്ളി.

കേസിൽ തെളിവ് നൽകാൻ സുധാകരൻ തുടർച്ചയായി നേരിട്ട് ഹാജരാകാതിരുന്നതോടെയാണ് ജനപ്രതിനിധികളുടെ കേസ് പരിഗണിക്കുന്ന കൊച്ചിയിലെ പ്രത്യേക കോടതി കേസ് തള്ളിയത്. പുരാവസ്തു തട്ടിപ്പ് കേസ് പ്രതി മോൻസൻ മാവുങ്കലിനെതിരായ പോക്സോ കേസുമായി ബന്ധപ്പെടുത്തിയുള്ള പരാമർശത്തിനെതിരേയാണ് സുധാകരൻ എറണാകുളം സിജെഎം കോടതിയിൽ ഹർജി നൽകിയത്.

എം. വി. ഗോവിന്ദൻ, പി. പി. ദിവ്യ എന്നിവർക്കെതിരേയും ദേശാഭിമാനി പത്രത്തിനുമെതിരെയാണ് സുധാകരൻ കേസ് ഫയൽ ചെയ്തത്.

മോൻസൻ മാവുങ്കലുമായി ബന്ധപ്പെട്ട പോക്സോ കേസ് നടന്ന സമയത്ത് കെ. സുധാകരൻ സ്ഥലത്ത് ഉണ്ടായിരുന്നുവെന്ന് അതിജീവിത പറഞ്ഞതായി ദേശാഭിമാനിയിൽ വാർത്ത നൽക്കുകയും എം. വി. ഗോവിന്ദൻ തന്നെ അപകീർത്തിപ്പെടുത്താൻ അത് പരാമർശിക്കുകയും ചെയ്തുവെന്നാണ് സുധാകരൻ ഹർജിയിൽ പറഞ്ഞിരുന്നത്. രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള വ്യാജ പരാമർശമാണ് ഇത് എന്നായിരുന്നു സുധാകരൻറെ പരാതി.

എന്നാൽ രണ്ടു തവണ കേസ് പരിഗണിച്ചപ്പോഴും സുധാകരൻ ഹാജരായിരുന്നില്ല. ഇതോടെയാണ് കേസ് തള്ളിയത്. ഇതിനെതിരെ ഹൈക്കോടതിയെ സമീപിക്കുമെന്നാണ് കെ. സുധാകരൻറെ അഭിഭാഷകൻ പറയുന്നത്.

# ശബരിമല സ്വർണക്കൊള്ള കേസ്: എസ്ഐടി അന്വേഷണ പുരോഗതി റിപ്പോർട്ട് സമർപ്പിച്ചു

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൻറെ അന്വേഷണ പുരോഗതി റിപ്പോർട്ട് എസ്ഐടി കോടതിയിൽ സമർപ്പിച്ചു. ശ്രീകോവിലിലെ പ്രഭാമണ്ഡലത്തിൽ നിന്നും സാമ്പിൾ ശേഖരിച്ച വിവരവും റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്. സീൽഡ് കവറിലാണ് എസ്ഐടി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്.

അന്വേഷണ ഉദ്യോഗസ്ഥനായ എസ്. ശശിധരൻ ഹൈക്കോടതിയിൽ നേരിട്ട് ഹാജരായാണ് അന്വേഷണ പുരോഗതി റിപ്പോർട്ട് സമർപ്പിച്ചത്.

പ്രഭാമണ്ഡലത്തിൽ നിന്നും ദ്വാരപാലക ശിൽപ്പങ്ങളിൽ നിന്നും കട്ടിളപ്പാളിയിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ പരിശോധനയ്ക്ക് അയക്കാനുള്ള അനുമതിയും എസ്ഐടി തേടും.

2025ൽ ദ്വാരപാലക ശില്പങ്ങൾ ചെന്നൈയിൽ കൊണ്ടുപോയതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണത്തിന് ദേവസ്വം ബെഞ്ച് നിർദേശം നൽകിയിരുന്നു. കഴിഞ്ഞ ഇടക്കാല ഉത്തരവിൽ അന്വേഷണം അവസാന ഘട്ടത്തിലാണെന്ന് അറിയിച്ചിരുന്നു. ആ വിവരങ്ങളും അന്വേഷണ പുരോഗതി റിപ്പോർട്ടിലുണ്ട്. റിപ്പോർട്ട് കോടതി പരിശോധിച്ചു വരികയാണ്.

# ഗവിയിൽ യുവതിയെ മരിച്ച നിലയിൽ കണ്ടെത്തി; കൂട്ടബലാത്സംഗമെന്ന് സംശയം

പത്തനംതിട്ട: ഗവിയിൽ യുവതിയെ മരിച്ച നിലയിൽ കണ്ടെത്തി. യുവതിയുടേത് കൊലപാതകമെന്ന സംശയത്തിലാണ് പോലീസ്. അങ്കണവാടി ജീവനക്കാരിയാണ് മരിച്ചത്. സംഭവത്തിൽ പ്രതിയെന്ന് സംശയിക്കുന്ന ഒരാളെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇയാളെ വണ്ടിപ്പെരിയാർ പോലീസ് ചോദ്യം ചെയ്ത് വരികയാണ്. വനമേഖലയിലാണ് അങ്കണവാടി ജീവനക്കാരിയുടെ മൃതദേഹം കണ്ടെത്തിയത്. അതേസമയം യുവതി കൂട്ടബലാത്സംഗത്തിന് ഇരയായതായി പോലീസിന് സംശയമുണ്ട്. പ്രതിയെ വിശദമായി ചോദ്യം ചെയ്യുന്നതിലൂടെ മാത്രമേ കൂടുതൽ കാര്യങ്ങൾ വ്യക്തമാകുകയുള്ളുവെന്ന് പോലീസ് പറഞ്ഞു.

# രാഹുലിൻറെ ഉള്ളിൽ ജാതിബോധം ഉണ്ട്; അതാണ് പിണറായിയെ കെട്ടിപ്പിടിക്കാൻ തയാറാകാത്തതെന്ന് എ. കെ. ബാലൻ

തിരുവനന്തപുരം: പിണറായി വിജയനെ കെട്ടിപ്പിടിക്കില്ലെന്ന പരാമർശത്തിൽ രാഹുൽ ഗാന്ധിക്കെതിരേ രൂക്ഷവിമർശനവുമായി സിപിഎം നേതാവ് എ. കെ. ബാലൻ. രാഹുൽ ഗാന്ധിക്ക് സവർണ്ണ ബോധമാണെന്നും ജാതിബോധം ഉള്ളതുകൊണ്ടാണ് അദ്ദേഹം പിണറായി വിജയനെ കെട്ടിപ്പിടിക്കാൻ തയാറാകാത്തതെന്നും എ. കെ. ബാലൻ ആരോപിച്ചു.

മോദിയെ കെട്ടിപ്പിടിക്കുന്നതിൽ രാഹുൽ ഗാന്ധിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ പിണറായി വിജയനെ കെട്ടിപ്പിടിക്കുന്നതിൽ പ്രശ്നമാണെന്നും എ. കെ. ബാലൻ വിമർശിച്ചു.

ഇന്ത്യാ സഖ്യത്തിൻറെ ജൂൺ എട്ടിന് നടന്ന നിർണായക യോഗത്തിലാണ് മുൻ കേരള മുഖ്യമന്ത്രി പിണറായി വിജയനെ കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്യാൻ തനിക്ക് കഴിയില്ലെന്ന് രാഹുൽ ഗാന്ധി പറഞ്ഞത്. പിണറായിയുമായി തനിക്ക് വ്യക്തമായ രാഷ്ട്രീയ പോരാട്ടമുണ്ട്. ഇത്തരം പ്രാദേശികമായ രാഷ്ട്രീയ യാഥാർഥ്യങ്ങൾ കൃത്യമായി മനസിലാക്കിക്കൊണ്ട് വേണം ഇന്ത്യ സഖ്യം ഒന്നിച്ച് മുന്നോട്ട് പോകാനെന്നും രാഹുൽ പറഞ്ഞിരുന്നു.

# വിവാഹ വാഗ്ദാനം നൽകി യുവതിയെ പീഡിപ്പിച്ചു; യുവാവ് അറസ്റ്റിൽ

കാഞ്ഞങ്ങാട്: വിവാഹ വാഗ്ദാനം നൽകി യുവതിയെ പീഡിപ്പിക്കുകയും 10 ലക്ഷം രൂപ തട്ടിയെടുക്കുകയും ചെയ്ത കേസിൽ യുവാവ് അറസ്റ്റിൽ. മടിക്കൈ ആലയിൽ സ്വദേശി ശ്രീജിത്തിനെയാണ് (42) അമ്പലത്തറ പോലീസ് അറസ്റ്റ് ചെയ്തത്.

അമ്പലത്തറ പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന യുവതി നൽകിയ പരാതിയിലാണ് അറസ്റ്റ്. വിവാഹ ബന്ധം വേർപെടുത്തിയ, മലയോര മേഖലയിൽ താമസിച്ചിരുന്ന യുവതിയുമായി ശ്രീജിത്ത് ബന്ധം സ്ഥാപിക്കുകയായിരുന്നു. തുടർന്ന് വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ചുവെന്നാണ് പരാതിയിൽ പറയുന്നത്. യുവതിയുടെ പേരിൽ മലയോരത്ത് ഉണ്ടായിരുന്ന വീടും സ്ഥലവും ശ്രീജിത്ത് നിർബന്ധിച്ച് വിൽപ്പന നടത്തി. തുടർന്ന് മറ്റൊരു സ്ഥലത്ത് ചെറിയൊരു വീടും സ്ഥലവും വാങ്ങി. വീടും സ്ഥലവും വാങ്ങിയ ശേഷം ബാക്കി വന്ന തുക ശ്രീജിത്ത് കൈക്കലാക്കി. കൂടാതെ പുതിയതായി വാങ്ങിയ വീടും സ്ഥലവും പണയം വച്ചും പണം തട്ടി. പിന്നീട് ശ്രീജിത്ത് യുവതിയുമായുള്ള ബന്ധത്തിൽ നിന്ന് ഒഴിയുകയായിരുന്നു.

വിവാഹിതനായ ശ്രീജിത്ത് ഈ ബന്ധം വേർപെടുത്തിയിരുന്നു. മുൻപും ഇയാൾ വിവാഹ ബന്ധം വേർപെടുത്തി കഴിയുന്ന സ്ത്രീകളെ സമീപിച്ച് ബന്ധം സ്ഥാപിച്ച് പണം തട്ടിയതായി പോലീസിനു സൂചന ലഭിച്ചിട്ടുണ്ട്.

വിവാഹം ബന്ധം വേർപെടുത്തിയ പരപ്പ സ്വദേശിനിയുടെ വീട്ടിൽ വിവാഹാഭ്യർഥനയുമായി ശ്രീജിത്ത് എത്തിയിരുന്നതായും വിവരമുണ്ട്.

# ഗൺമാൻമാരുടെ 'രക്ഷാപ്രവർത്തനം': പ്രതികൾക്ക് നോട്ടീസ്, പത്തു ദിവസത്തിനകം മറുപടി നൽകണം

കൊച്ചി: ആലപ്പുഴയിൽ നവകേരള യാത്രയ്ക്കിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ ഗൺമാൻമാർ മർദിച്ച കേസിൽ എസ്ഐടി നൽകിയ അപ്പീലിൽ പ്രതികൾക്ക് നോട്ടീസ് അയച്ച് ഹൈക്കോടതി. ആലപ്പുഴ കോടതി അനുവദിച്ച മുൻകൂർ ജാമ്യം റദ്ദാക്കണം എന്നാണ് എസ്ഐടിയുടെ ആവശ്യം. പത്തു ദിവസത്തിനകം മറുപടി നൽകണമെന്നാണ് കോടതിയുടെ നിർദേശം. ഹർജി ഈ മാസം 27ന് പരിഗണിക്കാൻ കോടതി മാറ്റി. അന്ന് ഗൺമാൻമാരുടെ വാദവും കോടതി കേൾക്കും. ആലപ്പുഴ സെഷൻസ് ജഡ്ജി ഹണി എം. വർഗീസ് ആണ് അഞ്ചു പ്രതികൾക്കും ജാമ്യം അനുവദിച്ചത്. എന്നാൽ മർദിക്കാൻ ഉപയോഗിച്ച ഉപകരണം ഇതുവരെ കണ്ടെത്തിയിട്ടില്ലെന്നും അന്വേഷണം തുടരുന്ന ഘട്ടത്തിൽ മുൻകൂർ ജാമ്യം അനുവദിച്ചത് കേസിനെ ബാധിക്കും, അതിനാൽ ജാമ്യം റദ്ദാക്കണമെന്നാണ് എസ്ഐടി ഹൈക്കോടതിയിൽ ആവശ്യപ്പെട്ടത്.

# സ്കൂൾ പരിസരത്ത് നിരോധിത പുകയില ഉത്പന്നങ്ങളുടെ വൻ ശേഖരം; ആസാം സ്വദേശികൾ പിടിയിൽ

പനങ്ങാട്: നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി അന്യസംസ്ഥാന തൊഴിലാളികൾ പിടിയിൽ. ആസാം സ്വദേശികളായ മൈനുൽഹഖ്, മുഖ്ത്താദൂൽ ഇസ്ലാം എന്നിവരെയാണ് പനങ്ങാട് പോലീസ് അറസ്റ്റ് ചെയ്തത്. കുമ്പളം വാട്ടർ മെട്രോ ജെട്ടിക്ക് സമീപമുള്ള വാടക വീട്ടിൽ നിന്ന് 2,000 പാക്കറ്റ് നിരോധിത പുകയില ഉത്പന്നങ്ങളാണ് കണ്ടെടുത്തത്. കുമ്പളത്ത് സ്കൂളുകളുടെ പരിസരത്ത് ലഹരി വിൽപ്പന നടക്കുന്നുവെന്ന് ലഭിച്ച വിവരത്തിൻറെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ഇന്ന് രാവിലെ നടത്തിയ പരിശോധനയിലാണ് പ്രതികൾ പിടിയിലായത്.

# ഇരുചക്രവാഹനം മറിഞ്ഞ് വീട്ടമ്മ മരിച്ചു

വർക്കല: കണ്ണംബ ജംഗ്ഷനിലുണ്ടായ വാഹനാപകടത്തിൽ വീട്ടമ്മ മരിച്ചു. കണ്ണംബ കല്ലാഴിവിളി വീട്ടിൽ പ്രമീള (51) ആണ് മരിച്ചത്. വ്യാഴാഴ്ച രാവിലെ മകനോടൊപ്പം സഞ്ചരിക്കുന്നതിടെയാണ് അപകടം സംഭവിക്കുന്നത്. ഇവർ സഞ്ചരിച്ചിരുന്ന ഇരുചക്രവാഹനത്തിൻറെ ബ്രേക്ക് തകരാറിലാവുകയും പ്രമീള റോഡിലേക്ക് തെറിച്ചു വീഴുകയുമായിരുന്നു. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ പ്രമീളയെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അപകടത്തിൽ പരിക്കേറ്റ മകൻ ആശുപത്രിയിൽ ചികിത്സയിലാണ്.

# സ്കൂൾ വിദ്യാർഥിനി പ്രസവിച്ചു; സഹപാഠിക്കെതിരെ കേസെടുത്ത് പോലീസ്

ഇടുക്കി: ഇടുക്കിയിൽ സ്കൂൾ വിദ്യാർഥിനി പ്രസവിച്ചു. സംഭവത്തെ തുടർന്ന് വിദ്യാർഥിനിയുടെ സഹപാഠിക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. പോക്സോ വകുപ്പ് ചുമത്തിയാണ് സഹപാഠിക്കെതിരെ പോലീസ് കേസെടുത്തിരിക്കുന്നത്.

ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കിയ വിദ്യാർഥിയെ ഇടക്കാല ജാമ്യം നൽകി വിട്ടയച്ചു. സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.